www.malankaralibrary.com

# ബഥനിശബ്ദം

മെയ് 2019



www.malankaralibrary.com


# BETHANY SABDAM

No. 116 | 2019 | May

**Editor**

Fr. Varghese Thykkoottathil OIC

**Editorial Board**

Fr. Antony Padipurackal OIC

Fr. John Britto Charivukalayil OIC

Fr. Geevarghese Thiruvalil OIC

**Circulation Manager**

Fr. Jacob Varghese Eettithadathil OIC

**Printed at**

Bethany Press, Kottayam - 686010

Ph: 0481 - 2571355

e-mail: bethanyktm@gmail.com

**Cover Design**

Shany Roopesh

**Published from**

Bethany Ashram Generalate

P.B.No. 06, Vadavathoor P.O.,

Kottayam - 686 010, KERALA

Ph: 0481 - 2578494 (Monday - Saturday from 9.30 AM to 5.00 PM)

web: www.bethanyashram.com

e-mail: oic.infonews@gmail.com

www.malankaralibrary.com

# ഉൾത്താളുകളിൽ

**മുഖമൊഴി** 3

ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

**വിതയ്ക്കാൻ പുറപ്പെട്ടവർ...** 4

വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.

**ജൂബിലി മംഗളങ്ങൾ** 7

വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി

**തായ്ത്തണ്ടിനോടു ചേർന്നു നമ്മൾ സഹയാത്രികർ** 9

റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി

**അപരിമേയ സ്നേഹത്തിന് നന്ദി** 12

ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി.

**സന്യാസം – ആബ്ബാ അനുഭവം** 17

ഫാ. സഖറിയാസ് നന്തിയാട്ട് ഒ.ഐ.സി.

**My 25 Years of Religious Life in Bethany Ashram** 21

Fr. Titus John Cheravallil OIC

**കാൽനൂറ്റാണ്ടിന്റെ സന്യാസ അനുഭവം**
**"കർത്താവിനെ അതിനെക്കൊണ്ട് ആവശ്യമുണ്ട്"** 24

ഫാ. വർഗീസ് വിനയാനന്ദ് ഒ. ഐ.സി.

**പ്രാർത്ഥന വ്രതങ്ങളുടെ ആത്മാവ്** 27

ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.


**കർമ്മയോഗികളായ ജൂബിലേറിയന്മാർ** 42
**സമൂഹത്തിനും സഭയ്ക്കും വിലപ്പെട്ടവർ**

ഫാ.ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

**നമ്മുടെ ജീവിതദർശനങ്ങൾ** 46

ഫാ. മാർട്ടിൻ പ്രേമാനന്ദ് പുരയ്ക്കൽ ഒ.ഐ.സി.

www.malankaralibrary.com



# മുഖമൊഴി

യേശുവിന്റെ ലോകത്തിലേക്കുള്ള കടന്നുവരവിന്റെ ഉദ്ദേശം മനോഹരമായി അവതരിക്കപ്പെട്ടിട്ടുള്ള ഒരു തിരുവചനമാണ് "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധിയായി ഉണ്ടാകുവാനുമാണ്" (യോഹ. 10:10). ബഥനി ആശ്രമത്തിന്റെ ശതാബ്ദി ആചരണങ്ങളോടു ചേർന്ന് ഈ വർഷം നമ്മുടെ ആറ് സഹോദരങ്ങളുടെ ആദ്യ ആത്മസമർപ്പണത്തിന്റെ ഓർമ്മ നാം പുതുക്കുന്നു. ബഹു.സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ, ബഹു.സഖറിയാസ് നന്തിയാട്ട്, ബഹു.വർഗീസ് തറമുട്ടം, ബഹു.കുരിയാക്കോസ് കാവിളയിൽ എന്നീ ജ്യേഷ്ഠസഹോദരന്മാരുടെ ആദ്യവ്രത സമർപ്പണത്തിന്റെ 50 വർഷവും, ബഹു.ടൈറ്റസ് ജോൺ ചേരാവള്ളിൽ, ബഹു.വർഗീസ് വിനയാനന്ദ് വേക്കൽ എന്നിവരുടെ ആദ്യവ്രത വാഗ്ദാനത്തിന്റെ 25 വർഷങ്ങൾ നാം സന്തോഷത്തോടെ ആചരിക്കുന്നു.

യേശുവിന്റെ തിരുവചനത്തിന്റെ അർത്ഥം സ്വന്തം ജീവൻ നൽകി സമൃദ്ധമാക്കിയ ഈ ബഥാന്യരുടെ ജീവിത സമർപ്പണത്തിന്റെ ശ്രേഷ്ഠതയും അതിലെ ത്യാഗവും നന്ദിപൂർവ്വം അനുസ്മരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ജൂബിലി ആഘോഷിക്കുന്ന പ്രിയപ്പെട്ട സഹോദരങ്ങൾക്ക് എല്ലാവിധ ആശംസയും പ്രാർത്ഥനയും നേരുന്നു.

ബഥനി ശബ്ദത്തിന്റെ ഈ ലക്കം ജൂബിലി ചിന്തകളാലും പ്രിയപ്പെട്ട വൈദികരുടെ ജീവിതാനുഭവങ്ങളുടെ അവതരണങ്ങളാലും നിറഞ്ഞു നിൽക്കുന്നു. ഒരുക്കിയ ഏവർക്കും നന്ദി അർപ്പിക്കുന്നതോടൊപ്പം ചിന്തകൾ പങ്കുവച്ചവരെ ദൈവസന്നിധിയിൽ ഓർക്കുന്നു. ഒരിക്കൽകൂടി ജൂബിലി ആശംസകളും പ്രാർത്ഥനകളും നേർന്നുകൊണ്ട്,

സ്നേഹത്തോടെ,

**ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.**

www.malankaralibrary.com

# വിതയ്ക്കാൻ പുറപ്പെട്ടവർ...

**വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.**
**സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം**

ബഥനിയുടെ ശതാബ്ദി ആഘോഷങ്ങളോടൊപ്പം സന്യാസ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സിൽവെസ്റ്റർ കാഞ്ഞിരമുകളിലച്ചനും, സക്കറിയാസ് നന്തിയാട്ടച്ചനും, വർഗീസ് തറമുട്ടത്തച്ചനും, ബ്രദർ കുര്യാക്കോസ് കാവിളയിലിനും, രജതജൂബിലി ആഘോഷിക്കുന്ന റൈറ്റസ് ജോൺ ചേരാവള്ളിയിലച്ചനും, വർഗ്ഗീസ് വിനയാനനന്ദ് വേക്കൽ അച്ചനും ബഥനി സന്യാസി സമൂഹത്തിന്റെ പ്രാർത്ഥനകളും ആശംസകളും അർപ്പിക്കുന്നു.

മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രം അതിന്റെ പൂർണ്ണത യിൽ മനസ്സിലാക്കുകയും പ്രഘോഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ബഹു.സിൽവെസ്റ്റർ അച്ചൻ. സമൂഹത്തിന്റെ സെക്രട്ടറി ജനറലായി നീണ്ട 12 വർഷക്കാലം അദ്ദേഹം ശുശ്രൂഷ ചെയ്തു. മൺമറഞ്ഞ സമൂഹാംഗങ്ങളെയോർത്ത് പരിഷ്കരിച്ച് 'സ്മരണാഞ്ജലി' എന്ന പുസ്തകം തയ്യാറാക്കുകയും പുതുതായി പ്രസിദ്ധീകരിക്കുവാൻ സഹായിക്കുകയും ചെയ്തു. സമൂഹത്തെ ബലപ്പെടുത്തുന്ന ശുശ്രൂഷകളിലാണ് അദ്ദേഹം തന്റെ ജീവിതം മുഴുവൻ സമർപ്പിച്ചത്.

നല്ല മിഷനറി, സാമൂഹ്യപ്രവർത്തകൻ, പുതിയ സംരംഭങ്ങൾക്ക് നേതൃത്വം നല്കുക എന്ന നിലയിലെല്ലാം ബഥനി സമൂഹത്തിന്റെ മുന്നണി പോരാളിയായി കർണാടകയിലും, പൂനായിലും ബോംബെ യിലും ശുശ്രൂഷ ചെയ്ത വ്യക്തിയാണ് ബഹു.സഖറിയാസ് നന്തിയാട്ട് അച്ചൻ. ആദ്യം കർണാടക മിഷനിലേക്ക് അയക്കപ്പെട്ട വ്യക്തികളി ലൊന്ന്. ഇന്നും കർണാടകമിഷനിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വ്യക്തി. പൗരോഹിത്യത്തിന്റെ സമർപ്പണമുഖം മിഷൻ മേഖലയിൽ വരച്ചു ചേർത്ത വ്യക്തിത്വം. 2017-ൽ പി.ഒ.സി. അദ്ദേഹത്തിന്റെ മിഷൻ പ്രവർത്തനങ്ങളെ പ്രത്യേകം ആദരിച്ചു.

www.malankaralibrary.com

ഉത്തമസന്യാസി, കുലീനനായ ഗുരു, സുതാര്യതയുടെ നേർചിത്രം സാമ്പത്തിക അച്ചടക്കം കാക്കുന്ന കാര്യനിർവാഹകൻ ഇതാണ് ബഹു.വർഗീസ് തറമുട്ടത്തിലച്ചൻ. നവജ്യോതി പ്രോവിൻ സിന്റെ പ്രൊവിൻഷ്യൽ പ്രൊക്യുറേറ്ററായും, കൗൺസിലറായും അദ്ദേഹം ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ ശ്രേയസ്കരമായിരുന്നു. ബോധ്യങ്ങളെ അർത്ഥങ്ങളാക്കി ജീവിക്കുന്ന ആ വ്യക്തിത്വം സമർപ്പണ ജീവിതത്തിന്റെ വലിയ പാഠങ്ങളാണ് നമുക്ക് തരുന്നത്.

സന്യാസജീവിതത്തിൽ സന്തോഷം കണ്ടെത്തി അതിന്റെ പൂർണ്ണതയിൽ ജീവിക്കുന്ന വ്യക്തിയാണ് ബ്രദർ കുര്യാക്കോസ് കാവിളയിൽ. ആശ്രമങ്ങളുടെയും സ്ഥാപനങ്ങളുടെയും കെട്ടുപണി യിൽ അദ്ദേഹം ചെയ്ത ത്യാഗപൂർണ്ണ നിസ്വാർത്ഥമായ സേവനം മാതൃകാപരമാണ്. വൈദിക വിദ്യാർത്ഥികളുടെ പരിശീലന മന്ദിര ങ്ങളിൽ കുടുംബ ഭാവന നിലനിർത്താൻ അദ്ദേഹത്തിന്റെ സാന്നിധ്യവും നേതൃത്വവും ഇടയാക്കിയിട്ടുണ്ട്. സമൂഹത്തിന്റെ ജനറൽ കൗൺസിലറാ യിരുന്നു, സമൂഹത്തെ ബലപ്പെടുത്തുന്നതിലും അദ്ദേഹം നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്.

രജത ജൂബിലി ആഘോഷിക്കുന്ന ടൈറ്റസ് ജോൺ ചേരാവള്ളി യിലച്ചൻ പല ദേവാലയങ്ങളിൽ വികാരിയായും സ്കൂൾ അഡ്മിനി സ്ട്രേറ്ററായും സമൂഹത്തിൽ സേവനം ചെയ്തിട്ടുണ്ട്. സുറിയാനി ഭാഷയിൽ പാണ്ഡിത്യമുള്ള അച്ചൻ നല്ല ഒരു liturgist കൂടിയാണ്. ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ടിലുള്ള സെന്റ് ജോർജ് യൂണിവേഴ്സിറ്റിയിൽ പട്രോളജിയിൽ ഡോക്ടറേറ്റു ചെയ്യുന്ന അദ്ദേഹം സമൂഹത്തിന്റെ വലിയ സാക്ഷ്യം നല്കുന്ന ശുശ്രൂഷകൾ ഏറ്റെടുക്കട്ടെ എന്ന് ആശംസിക്കുന്നു.

ബഹുമാനപ്പെട്ട വർഗ്ഗീസ് വിനയാനന്ദ് വേക്കലച്ചൻ പഞ്ചാബിലെ മിഷനറി, ഗുഡ്ഗാവ് രൂപതയുടെ ചാൻസലർ, റെക്ടർ, വിവിധ ഇടവകകളിലെ വികാരി എന്ന നിലയിൽ വളരെ വിലപ്പെട്ട ശുശ്രൂഷകൾ ചെയ്തു. അച്ചൻ ഇപ്പോൾ നവശിഷ്യഗുരുവായി സേവനം ചെയ്യുന്നു. ബഥനി സന്യാസി ജീവിതത്തിന്റെ ചര്യകളെ വളരെ ചിട്ടയോടെ സ്വന്തം

www.malankaralibrary.com

ജീവിതത്തിൽ പാലിക്കുകയും, എളിമയോടെ തനിക്കു ചുറ്റും നില്ക്കുന്നവർക്ക് പങ്കുവച്ചുകൊടുക്കുകയും ചെയ്യുന്നതിൽ അദ്ദേഹം ശ്രദ്ധാലുവാണ്. നവശിഷ്യഗുരു എന്ന നിലയിൽ അദ്ദേഹം ചെയ്യുന്ന ശുശ്രൂഷയെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

ജൂബിലി ആഹ്ലാദത്തിന്റെയും കൃതജ്ഞതയുടെയും സമയമാണ്. ദൈവം വ്യക്തിപരമായും സമൂഹജീവിതത്തിലും തന്ന എല്ലാറ്റിനേയും കുറിച്ച് നമുക്ക് സന്തോഷവാന്മാരായിരിക്കാം. ദൈവം തന്ന നന്മകളെ യോർത്ത് നമുക്ക് നിരന്തരം ദൈവത്തിന് നന്ദി അർപ്പിക്കാം. പൂർവ്വപിതാക്കന്മാർ ദൈവനടത്തിപ്പിന്റെ പ്രത്യേക ഘട്ടങ്ങളിലെല്ലാം ദൈവത്തിന് പ്രത്യേകമായി ബലിയർപ്പിക്കുന്നതു നാം പഴയ നിയമത്തിൽ കാണുന്നു. വിശ്വാസത്തിന്റെയും പുനർസമർപ്പണത്തിന്റെയും കൃതജ്ഞതയുടെയും ബലികൾ. ബഥനിയുടെ ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ നമ്മുടെ ഈ ജൂബിലേറിയൻസിനോടൊത്ത് നമുക്കും ദൈവത്തിനു നന്ദിയർപ്പിക്കാം.

ജൂബിലി വിടുതലിന്റെയും, നവീകരണത്തിന്റെയും തനിമയുടെ പുനഃസൃഷ്ടിക്കുമുള്ള അവസരമാണ്. വിളിക്കപ്പെട്ട വിളിയുടെ യോഗ്യതയില്ലാത്തതൊക്കെ സ്വന്തമായി ഉണ്ടെങ്കിൽ ഉപേക്ഷിക്കേണ്ട സമയം. ലോകത്തിന്റെ പ്രകമ്പനങ്ങളിൽ മുങ്ങിപ്പോയിട്ടുണ്ടെങ്കിൽ തിരിച്ചു നീന്തേണ്ട സമയം. ആദ്യമുണ്ടായിരുന്ന സ്നേഹത്തിലേക്കു മടങ്ങേണ്ടുന്ന സമയം. കർത്താവ് തരുന്ന സ്വാതന്ത്ര്യവും, അവന്റെ നീതിയും ജീവിക്കുകയും ലോകത്തോടു പ്രഘോഷിക്കുകയും ചെയ്യേണ്ട സമയം. ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ സമൂഹമായിട്ടും ജൂബിലേറിയൻസായിരിക്കുന്ന ഈ സമൂഹാംഗങ്ങളോടൊത്ത് ഭൂമിയുടെ മുഖത്തെ നവീകരിക്കുന്ന പരിശുദ്ധാത്മ ശക്തിയാൽ ദൈവത്തിന്റെ നീതിയും അവിടുത്തെ രാജ്യവും നമുക്ക് അന്വേഷിക്കാം.

ജൂബിലേറിയൻസിന് എല്ലാ പ്രാർത്ഥനാശംസകളും നേരുന്നു.

www.malankaralibrary.com

# ജൂബിലി മംഗളങ്ങൾ

**വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി**
**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജ്യോതി പ്രൊവിൻസ്**

സന്യാസ പ്രതിഷ്ഠാജീവിതത്തിൽ അമ്പതും, ഇരുപത്തഞ്ചും വർഷങ്ങൾ പൂത്തിയാക്കുന്ന നമ്മുടെ സഹോദരങ്ങളെ ദൈവസന്നിധിയിൽ സ്നേഹപൂർവ്വം സമർപ്പിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ ബഥനിയും, അവരുടെ ശുശ്രൂഷയ്ക്ക് പാത്രീഭൂതരായവരും അവരിലൂടെ സ്വീകരിച്ച നന്മകൾക്ക് ദൈവതിരുമുൻമാകെ നന്ദി പറയുന്നു.

എന്നെ സംബന്ധിച്ചിടത്തോളം, സിൽവെസ്റ്റർ അച്ചന് ആശംസകൾ നേരുക എന്നത് ഗുരുവന്ദനമാണ്. ഞങ്ങളുടെ ബാച്ചിന്റെ ജൂണിയറേറ്റ് റെക്ടർ ആയിട്ടാണ് അച്ചൻ നമ്മുടെ പരിശീലനരംഗത്ത് കടന്നു വരുന്നത്. പിന്നീട് സഭാചരിത്രാദ്ധ്യാപകനായ അച്ചന്റെ ക്ലാസുകളിൽ സംബന്ധിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്. ആരോഗ്യം അനുവദിക്കുന്നിടത്തോളം കാലം അദ്ദേഹം നമ്മുടെ പഠനഗൃഹത്തിലെ അദ്ധ്യാപക വൃന്ദത്തിന്റെ അവിഭാജ്യഘടകവുമായിരുന്നു. ബഥനിയുടെ സൗമ്യ സാന്നിദ്ധ്യമായ അച്ചന് ജൂബിലിമംഗളങ്ങൾ.

ബഥനിയുടെ മിഷൻ പ്രവർത്തനത്തിന്റെ മുഖമാണ് ബഹു.സഖറിയാസച്ചൻ. അച്ചന്റെ സന്യാസപൗരോഹിത്യശുശ്രൂഷയുടെ സിംഹഭാഗവും ബഥനിയുടെ മിഷൻ പ്രദേശങ്ങളുടെ ആരംഭകനും നേതൃത്വ ശുശ്രൂഷയുമായിട്ടാണ് അച്ചൻ ചിലവഴിച്ചിട്ടുള്ളത്. ലളിത ജീവിതം മുഖമുദ്രയാക്കിയ അച്ചന്റെ നാമമാത്രമായ ഭക്ഷണശൈലി എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. സ്വന്തമായ സുഖങ്ങളെല്ലാം ത്യജിച്ചുകൊണ്ട് ബഥനിയുടെ മിഷൻ പ്രദേശങ്ങളെ ഇന്ന് സജീവമാക്കി നിലനിർത്തുകയാണ് അച്ചന്റെ സാന്നിദ്ധ്യം. ബഥനിയുടെ കർമ്മോത്സുകനായ മിഷനറിക്ക് എല്ലാ ആശംസകളും ഹൃദയപൂർവ്വം നേരുന്നു.

ഹൃദയാവജ്ജകമായ ഒരു പൊട്ടിച്ചിരികൊണ്ട്, ഏത് മൂകമായ അന്തരീക്ഷത്തേയും സന്തോഷനിർഭരമാക്കുന്ന ബഥനിസാന്നിദ്ധ്യമാണ് ബഹു.കുര്യൻ ബ്രദർ. അദ്ദേഹവുമായി ഏറ്റം അടുത്തിടപഴകുവാൻ എനിക്ക് അവസരം ലഭിച്ചത് അദ്ദേഹം ജനറൽ കൗൺസിലറായി ശുശ്രൂഷ ചെയ്ത അവസരത്തിലാണ്. ക്രിയാത്മകമായ നിർദ്ദേശംകൊണ്ടും, കാര്യക്ഷമമായ പ്രവർത്തനംകൊണ്ടും, ജനറൽ കൗൺസിലിന്റെ ശുശ്രൂഷയെ ഏറ്റം ഫലപ്രദമാക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. വലിയ സാമ്പത്തിക ബാദ്ധ്യതയായിരുന്ന ബഥനിപ്രസ്സും, ബഥനി പബ്ലിക്കേഷൻസും വളരെ ലാഭകരമായി ഉയർന്നത് ബഹു.കുര്യൻ ബ്രദർ ആ ശുശ്രൂഷ ഏറ്റെടുത്ത

www.malankaralibrary.com

അവസരത്തിലായിരുന്നു. പൂനാ പഠനഗ്രഹത്തിലെ അദ്ദേഹത്തിന്റെ ശുശ്രൂഷയിൽ നമ്മുടെ എത്ര തലമുറകളെയാണ് അദ്ദേഹം ബലപ്പെടുത്തിയത്. ബഥനിയുടെ വിശ്വസ്തനായ കാര്യസ്ഥന് ജൂബിലിയുടെ ഹൃദയം നിറഞ്ഞ ആശംസകൾ.

ബഥനി ആശ്രമത്തോടുള്ള കൂറും, ചെയ്യുന്ന ജോലിയോടുള്ള സമർപ്പണവും തറമുട്ടമച്ചന്റെ മുഖമുദ്രയാണ്. റാന്നി ചെറുകുളഞ്ഞി സ്കൂളിലെ അദ്ധ്യാപന ശുശ്രൂഷയ്ക്കുശേഷം അടിമാലിയിലെ ആശ്രമത്തിൽ പ്രാർത്ഥനയുടെയും, ധ്യാനത്തിന്റേതുമായ അന്തരീക്ഷത്തിൽ അദ്ദേഹം സ്വയം ബലപ്പെടുകയും, സമൂഹത്തെ ബലപ്പെടുത്തുകയും ചെയ്തു. പ്രോവിൻസ് രൂപീകരണം കഴിഞ്ഞുള്ള അരക്ഷിതാവസ്ഥയിൽ പ്രൊവിൻഷ്യൽ പ്രൊക്യുറേറ്ററായുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷയും അങ്ങേയറ്റം ശ്രദ്ധയർഹിക്കുന്നു. വലിയ ഒരു സാമ്പത്തികപ്രതിസന്ധിയിലേക്ക് നമ്മുടെ ഗിരിദീപം സ്കൂൾ കൂപ്പുകുത്തിയപ്പോഴും അതിനെ പിടിച്ചുയർത്താൻ അച്ചന്റെ സേവനം ആവശ്യപ്പെട്ടപ്പോൾ യാതൊരു മടിയും പറയാതെ ഈ വലിയ ഉത്തരവാദിത്വം അദ്ദേഹം ചുമലിലേറ്റി. ഇന്ന് ഗിരിദീപം സ്കൂൾ അതിന്റെ നഷ്ടയൗവ്വനം വീണ്ടെടുക്കുന്നതിൽ പ്രധാനകാരണം അച്ചന്റെ നേതൃത്വവും, അവിശ്രാന്തപരിശ്രമവും ആണ്. ജൂബിലി വേളയിൽ സമൂഹം മുഴുവന്റെയും നന്ദിയും, ആശംസകളും അറിയിക്കുന്നു.

ടൈറ്റസച്ചനെ ഓർക്കുമ്പോൾ മനസ്സിൽ തെളിയുന്നത് 5-ാം ക്ലാസിൽ പഠിക്കുന്ന ഒരു കൊച്ചുപയ്യൻ TOC ക്യാംപിൽ സംബന്ധിക്കാൻ വരുന്ന കാഴ്ചയാണ്. സഭാപ്രസന്നവദനനും, ഉത്സാഹനിർഭരനുമായ ആ കുഞ്ഞ് വൈദികനായപ്പോഴും ആ സ്നേഹസൗഹൃദം എല്ലാവരുമായും കാത്തുസൂക്ഷിക്കുന്നു. വ്യക്തിബന്ധങ്ങളിലെ ഊഷ്മളത ഹൃദയത്തോട് ചേർത്തു സൂക്ഷിക്കുന്ന ടൈറ്റസച്ചൻ പഠനംതീർത്ത് നാട്ടിലെത്തുമ്പോൾ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം BVP-യുടെ അദ്ധ്യാപകശ്രേണിക്ക് കരുത്തുപകരും എന്ന് കരുതുന്നു. പൗരസ്ത്യ ദൈവശാസ്ത്രത്തിന് ബഥനിയുടെ വകയായി കരുത്തുറ്റ സംഭാവനകൾ നല്കുവാൻ അച്ചനെ ദൈവം ബലപ്പെടുത്തട്ടെ എന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു. വർഗീസ് വിനയാനന്ദച്ചൻ നമ്മുടെ സമൂഹത്തിലെ മുതിർന്ന തലമുറയ്ക്കും ഇളംതലമുറയ്ക്കും ഒരുപോലെ സ്വീകാര്യനായ വ്യക്തിത്വത്തിനുടമയാണ്. ആയിരുന്നിടത്തും ആയിരിക്കുന്നിടത്തും ബഥനി സാക്ഷ്യത്തിന്റെ ഉത്തമ മാതൃകയായ അച്ചന് ജൂബിലി ആശംസകൾ.

സന്യാസത്തിന്റെ ജൂബിലിവർഷം ആഘോഷിക്കുക എന്നു പറയുന്നത് ദൈവകൃപയുടെ നിറവിന്റെ ഉത്സവമാണ്. പ്രത്യേകിച്ച് ബഥനിയുടെ ഈ ശതാബ്ദി വർഷത്തിൽ. ഈ ജൂബിലിയേറിയൻസിനോട് ചേർന്ന് സമൂഹം മുഴുവനായും ഈ ധന്യജീവിതങ്ങൾക്ക് നന്ദിയർപ്പിക്കുന്നു.

www.malankaralibrary.com

# തായ്ത്തണ്ടിനോടു ചേർന്നു നമ്മൾ സഹയാത്രികർ

**റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി**
**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജീവൻ പ്രൊവിൻസ്**

ബഥനിയുടെ ശതാബ്ദി വർഷത്തിൽ ആറു സഹോദരങ്ങൾ അവരുടെ സന്യാസസമർപ്പണ ജീവിതത്തിന്റെ ജൂബിലിയുടെ നിറവിലാണ്. ഭൗതീകവാദത്തിന്റെ അതിപ്രസരത്തിൽ, സന്യാസത്തിന്റെയും വിശ്വാസ സംഹിതകളുടെയും മഹത്വം തമസ്കരിക്കപ്പെടുന്ന ഒരു കാലഘട്ടത്തിന്റെ സമകാലികരാണ് നാം. സന്യാസവും സന്യാസ മൂല്യങ്ങളും സന്യാസ പ്രസ്ഥാനങ്ങളും ചരിത്രപരമായ വെല്ലുവിളികളുടെയും പരീക്ഷണങ്ങളുടെയും ഉലയിൽ അഗ്നിശുദ്ധി നടത്തി പ്രഭ തെളിയിക്കേണ്ട കാലഘട്ടം. ദൈവ സേവനത്തേക്കാൾ ദൈവ സംമ്പാദനമാണ് അത്യുത്തമമെന്ന സ്ഥാപകന്റെ ഹൃദയ സ്പന്ദനത്തിന് സാക്ഷ്യമേകാൻ തനിക്കു ലഭിച്ച വിളിക്ക് ഇന്നലകളെക്കാളും പ്രാമുഖ്യമുണ്ടെന്ന് സ്വയം തിരിച്ചറിയുകയും സാക്ഷ്യം നല്കുകയും ചെയ്യേണ്ട സമയം.

സ്വയം അറിയുകയും സ്വയത്തെ നിഗ്രഹിക്കുകയും സ്വയംഭൂവിൽ ലയിക്കുകയും ചെയ്യുന്ന സന്ന്യാസത്തിന്റെ സാന്നിധ്യവും മഹത്വവുമാണ്, സഭയുടെ ശക്തിയെന്ന് പഠിപ്പിച്ച ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ പിൻതലമുറക്കുള്ള പാഠശാലയാണ് ഓരോ ബഥാന്യന്റേയും ജീവിതം.  ഇന്നലെകളിലെ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞ്, സ്ഥാപക പിതാവ് കാട്ടിതന്ന സന്ന്യാസ ജീവിതചര്യ പുനഃപ്രതിഷ്ഠ ചെയ്യുന്ന ശതാബ്ദി വർഷത്തിൽ, ബഥനി സന്ന്യാസ സമൂഹത്തിൽ വ്രതബദ്ധമായ സമർപ്പണ ജീവിതത്തിന്റെ,  അനുഗ്രഹ പൂർണ്ണമായ ഇരുപത്തിഅഞ്ചു വർഷങ്ങൾ പൂർത്തിയാക്കുന്ന ബഹുമാനപ്പെട്ട റ്റൈറ്റസ് ജോൺ അച്ചനും വർഗ്ഗീസ് വിനയാന്ദന് അച്ചനും, അൻപതു വർഷങ്ങൾ പൂർത്തിയാക്കുന്ന ബഹുമാനപ്പെട്ട സിൽവസ്റ്റർ കാഞ്ഞിരമുകളിൽ അച്ചനും സക്കറിയാസ് നന്തിയാട്ട് അച്ചനും വർഗ്ഗീസ് തറമുട്ടം അച്ചനും പ്രിയ ബഹുമാനപ്പെട്ട കുര്യാക്കോസ് കാവിളയിൽ ബ്രദറിനും ഹൃദയം നിറഞ്ഞ ജൂബിലി

www.malankaralibrary.com

മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു. അമ്മയുടെ ഉദരത്തിൽ ഉരുവാകും മുൻപെ തങ്ങളെ പേരുചൊല്ലിവിളിച്ച ദൈവത്തോടുള്ള പ്രത്യുത്തരം, ബഥനിയിലൂടെ, പുണ്യവാനായ ദൈവദാസൻ മാർ ഇവനിയോസ് പിതാവ് കാട്ടിത്തന്ന സന്ന്യാസത്തിന്റെ പാതയിലൂടെ ഇവർക്ക് നിർവഹിക്കാൻ സാധിക്കുന്നു എന്നുള്ളത് ദൈവം അവർക്ക് വ്യക്തിപരമായും, അവരിലൂടെ ബഥനിയ്ക്കും സഭയ്ക്കും നല്കുന്ന വലിയ അനുഗ്രഹമാണ്.

ദൈവ തിരുമുമ്പാകെ തങ്ങളുടെ ജീവിതവും സർവ്വസ്വവും കാഴ്ച്ചയർപ്പിച്ച്, സമൂഹത്തിന്റെ സിദ്ധിയിലും ചൈതന്യത്തിലും, സന്ന്യാസത്തിന്റെ വഴികളിലൂടെ യാത്രചെയ്ത, ആദ്യസമർപ്പണത്തിന്റെ ഇരുപ്പത്തിഅഞ്ചും അൻപതും വർഷങ്ങൾ, പൂർത്തിയാകുന്ന അവസരമാണിത്. സന്ന്യാസം സമ്പൂർണ്ണ സമ്മർപ്പണത്തിന്റെ വഴിത്താരയാണ്. സ്വയം ബലിയർപ്പിക്കപ്പെടുന്ന അൾത്താരയിൽ സ്വന്തത്തെ ഉപേക്ഷിക്കലിന്റെയും ഉടയവനെ സ്വന്തമാക്കലിന്റെയും ഇടയനടുത്ത കാവൽക്കാരനാകുന്നതിന്റെയും നിസ്സംഗപരിത്യാഗിയാകുന്നതിന്റെയും പൂർത്തീകരണമാണിത്. പരീക്ഷണങ്ങളെയും വെല്ലുവിളികളെയും ക്രിസ്തീയ വിശ്വാസത്തിന്റെ ജീവിക്കുന്ന സാക്ഷ്യത്തിലൂടെ അഭിമുഖീകരിക്കുവാനും അതിജീവിക്കുവാനുമുള്ള ഉത്തമ ക്രൈസ്തവ മാതൃകയാണ് സന്യാസജീവിതം. ഇന്നലെകളിലേക്കുള്ള തിരിഞ്ഞു നോട്ടത്തിന്റെയും പുനർവായനയുടെയും നന്ദി പ്രകാശക്കലിന്റെയും പുനർസമർപ്പണത്തിന്റെയും പുതുക്കലിന്റെയും സമയമാണ് ജൂബിലി വർഷം. സന്ന്യാസത്തിന്റെ നാൾവഴികളിൽ രണ്ടരപതിറ്റാണ്ടും അഞ്ചുപതിറ്റാണ്ടും പിന്നിടുന്ന നമ്മുടെ സഹോദരങ്ങളോടൊപ്പം അൾത്താരയും അത്താഴമേശയും പങ്കിടാൻ ബഥനിയെന്ന സംഗമ കൂടാരമൊരുക്കിത്തന്ന ദൈവതിരുമുൻപിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ അണയാനുള്ള സമയം. തുടർയാത്രയിലും നമ്മൾ അനുയാത്രികരെന്നും തായ്ത്തണ്ടിനോട് ചേർന്ന് നാം സഹയാത്രികരെന്നും ഓർമ്മപ്പെടുത്തുന്ന സമയം.

തങ്ങളുടേതായ വ്യത്യസ്ത വഴികളിലൂടെ സന്ന്യാസത്തിന്റെ പാതയിലൂടെ സഞ്ചരിച്ച ഈ സഹോദരങ്ങൾ, ഇന്നോളം അവർ പ്രവർത്തിച്ചിരുന്ന ഏല്ലാ മേഖലകളിലും, എല്ലാ സുവിശേഷവത്കരണ പ്രഘോഷണ രംഗങ്ങളിലും, അവർ കണ്ടുമുട്ടിയ എല്ലാ വ്യക്തികളിലും സാഹചര്യങ്ങളിലും, സന്ന്യാസാരൂപിയിൽ, ദൈവത്തെയും ദൈവസ്നേഹത്തേയും ദൈവകരുണയേയും കുറിച്ച് പഠിപ്പിക്കാനും പങ്കു

www.malankaralibrary.com

വെക്കാനും സാധിച്ചു എന്നുള്ളത് ഏറെ സന്തോഷത്തോടുകൂടിയും നന്ദിയോടുകൂടിയും ഓർക്കുന്നു. വ്യക്തികൾ വ്യത്യസ്തരാണ്, ദൈവം ഒരോരത്തർക്കും നല്കിയിട്ടുള്ള ദാനങ്ങളും വ്യത്യസ്തമാണ്. അറുപതും നൂറും മേനി വിളയിക്കുനവാനുള്ള ഓരൊരുവന്റെയും കടപ്പാടിനു കണക്കുനൽകുക ദൈവതിരുമുൻപിലാണ്. സന്യാസ ത്തിന്റെ വഴികളിൽ പിന്നിട്ട ദിനങ്ങൾ സമർപ്പണത്തിന്റെ ഉള്ളും ഉള്ളതും സ്വന്തം ഉള്ളറകളിലാണ് തുലാഭാരം നടത്തേണ്ടത്. ദൈവ മുൻപിലാണ് തുറന്ന പുസ്തകമാകേണ്ടത്.

പുത്രനായ യേശുതമ്പുരാൻ കരുണ മാത്രമായ പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമാണ്. ഓരോ സന്ന്യാസിയും വിളിക്ക പ്പെട്ടിരിക്കുന്നത് ദൈവത്തിന്റെ കരുണയുടെ മുഖമായി മാറുവാനാണ്, ദൈവത്തിന്റെ കരുണയുടെ കരങ്ങളും കർമ്മവുമായി മാറുവാനാണ്. ചിന്തയിലും വാക്കിലും പ്രവർത്തിയിലും ദൈവത്തോടും സഭയാകുന്ന തായ്ത്തണ്ടിനോടും ചേർന്നു നിന്ന് പ്രവർത്തിച്ച ബഥനിയുടെ ഈ സഹോദരങ്ങൾ, അവരുടെ തുടർ ജീവിതത്തിലും ഈ സഹയാത്രയിൽ നൂറുമേനി നല്ലഫലങ്ങൾ പുറപ്പെടുവിക്കുന്ന അവിടുത്തെ പ്രിയപ്പെട്ട വൃക്ഷങ്ങളാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അനേകർക്കു തണലേകാനും ആശ്വാസത്തിന്റെ കൂടുകൂട്ടാനും വഴിയോരത്തെ തളിർത്ത വൃക്ഷം പോലെ ജീവന്റെ-പച്ചപ്പിന്റെ അടയാളങ്ങളായി, സഹജീവികൾക്കു വേണ്ടി കാത്തിരിക്കുന്ന കാലത്തിന്റെ പ്രവാചകരും കാവൽക്കാരുമാ കട്ടെ എന്നാശംസിക്കുന്നു. ശതാബ്ദിവർഷത്തിൽ ജൂബിലി ആഘോ ഷിക്കുന്ന ബഥനിയുടെ സഹോദരങ്ങൾ, സമൂഹത്തിന്റെ സിദ്ധിയും ചൈതന്യവും കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കപ്പുറത്തേക്ക് വഴികാട്ടുന്ന ബഥാന്യൻ സാക്ഷ്യമാകട്ടെ എന്നാശംസിക്കുന്നു.

○


“ആദ്ധ്യാത്മിക നന്മകളുടെ ന്യായാന്യായങ്ങൾ ബുദ്ധികൊണ്ട് വ്യവഹരിക്കുന്നതിനേക്കാൾ നല്ലത് ആദ്ധ്യാത്മിക സത്യം ഹൃദയം കൊണ്ട് രുചിച്ചു നോക്കി അതിന്റെ മാധുര്യം അനുഭവിക്കേണ്ട താകുന്നു.”

ദൈവദാസൻ മാർ ഈവാനിയോസ്

www.malankaralibrary.com

# അപരിമേയ സ്നേഹത്തിന് നന്ദി

ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി.



ബഥനി സന്യാസി സമൂഹത്തിന്റെ ശതാബ്ദി വർഷത്തിൽ എന്റെ ആദ്യവ്രത വാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലി കൊണ്ടാടുവാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. വേദപുസ്തകത്തിൽ പറയുന്നതുപോലെ, ജൂബിലിവർഷം തിരിഞ്ഞു നോക്കുന്നതിന്റെയും തിരുത്തലുകളുടെയും വിമോചനത്തിന്റെയും കൃതജ്ഞതയുടെയും അവസരമാണ്. ഇവയിൽ കൃതജ്ഞതാർ പ്പണത്തിനാണ് പ്രത്യേക പ്രാധാന്യം കല്പിക്കേണ്ടത് എന്നു തോന്നുന്നു. വഴി നടത്തിയ ദൈവത്തിനും കൈപിടിച്ചു നട ത്തിയ സഹചരന്മാർക്കും ഒരുപോലെ കൃതജ്ഞത അർപ്പിക്കുന്നതിനു കടപ്പെട്ട അവസരം.

**ദൈവവിളി**

പൗരോഹിത്യ, സന്യാസ പാരമ്പര്യമുള്ള ഒരു കുടുംബത്തിൽ ജനിക്കുവാനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചു. ഫാ. പത്രോസ് കീപ്പള്ളിൽ, ഫാ.യൗനാൻ കീപ്പള്ളിൽ എന്നിവരുടെ പ്രേഷിത ചൈതന്യവും ജീവിതമാതൃകകളും വിലപ്പെട്ടതാണ്. അങ്ങനെ ചെറുപ്പത്തിൽ തന്നെ സഭയേയും സഭാ കാര്യങ്ങളേയും കുറിച്ച് അറിയുവാൻ കഴിഞ്ഞു. ബഹു.യൗനാനച്ചൻ മുഖേന എന്റെ പിതാവിനു ലഭിച്ച പല സഭാസംബന്ധമായ പുസ്തകങ്ങളും വായിക്കുവാൻ എന്റെ ഹൈസ്കൂൾ പഠന കാലത്ത് സാധിച്ചു. അതിൽ ഏറ്റവും പ്രധാനപ്പെട്ട പുസ്തകമാണ് ഫാ.തോമസ് ഇഞ്ചയ്ക്കലോടിയുടെ "ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്" (ഒന്നാം വാല്യം) എന്ന ഗ്രന്ഥം. അങ്ങനെ മലങ്കര സഭയേപ്പറ്റിയും ബഥനി ആശ്രമത്തെപ്പറ്റിയും സാമാന്യം വ്യക്തമായ ഒരു ധാരണ ആർജ്ജിക്കുവാൻ സാധിച്ചു.

**പരിശീലനം**

സന്യാസ പരിശീലനത്തിന്റെ ആദ്യഘട്ടം തിരുവല്ലാ ബഥനി ആശ്രമത്തിൽ ബഹു.ലോറൻസച്ചന്റെ നേതൃത്വത്തിൽ നടന്നു. ആ ഘട്ടത്തിലെ ലത്തീൻ പഠനം ഒരു കീറാമുട്ടായിരുന്നെങ്കിലും അത്യാ

www.malankaralibrary.com

വശ്യത്തിനു കടന്നുകൂടാൻ കഴിഞ്ഞു. നോവിഷ്യേറ്റ് പഠനം നാലാഞ്ചിറ ആശ്രമത്തിലായിരുന്നു. പെരുന്നാട്ടിലെ തന്നെ നവശിഷ്യ ഗുരുവായിരുന്ന ബഹു.ജോഷ്വാ താവളത്തിലച്ചൻ എന്റെയും ഗുരുവായതിൽ എനിക്കഭിമാനമുണ്ട്. ചെരുപ്പു ധരിക്കാതെയും ദിവസവും പത്രം വായിക്കാതെയും കഴിഞ്ഞുകൂടിയ നോവിഷ്യേറ്റു കാലത്തെക്കുറിച്ച് പരിഭവമൊന്നുമില്ല. ജൂണിയറേറ്റു കാലമെന്നു വിശേഷിക്കപ്പെട്ട അടുത്ത ഘട്ടം മാർ ഈവാനിയോസ് കോളേജിലെ പ്രീ-ഡിഗ്രി പഠനമായിരുന്നു. ബഹുമാന്യരായ പീറ്റർ കോഴിമണ്ണിലച്ചൻ, സേവ്യർ പിള്ളശ്ശേരിലച്ചൻ എന്നിവരായിരുന്നു ഗുരുഭൂതർ. ഈ ഗുരുക്കന്മാരുടെ നല്ല മാതൃകകളും ശിക്ഷണവും സന്യാസ ജീവിതത്തിൽ ആഴപ്പെട്ടു വളരുവാൻ സഹായകമായി. തിരുവല്ലാ, നാലാഞ്ചിറ എന്നിവിടങ്ങളിലെ പരിശീലന കാലയളവിൽ പ്രത്യേകം ശ്രദ്ധിക്കപ്പെട്ട ഒരു കാര്യമായിരുന്നു, ആശ്രമാംഗങ്ങൾ പ്രാർത്ഥനയും പ്രവർത്തനവും സമന്വയിപ്പിച്ചു കൊണ്ടുള്ള ഒരു ജീവിതക്രമമായിരുന്നു പാലിച്ചിരുന്നുവെന്നത്.

വൈദിക പരിശീലനം 1972 മുതൽ 1978 വരെ കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ആയിരുന്നു. കുറെയൊക്കെ നിഷ്ഠയോടുകൂടിയ ഒരു ജീവിതക്രമം രൂപീകരിക്കുവാൻ കോട്ടയം പഠനം വളരെയേറെ സഹായിച്ചു. അതുപോലെ പൗരസ്ത്യ ദൈവശാസ്ത്രവും ഭാരതസഭാചരിത്രവും നല്ലതുപോലെ പഠിക്കുവാൻ ഈ കാലയളവിൽ സാധിച്ചു. റീജൻസിക്കാലം ഇല്ലാതിരുന്ന എനിക്ക് പ്രായോഗിക പരിശീലനം നേടുന്നതിനുള്ള അവസരങ്ങളായിരുന്നു അവധിക്കാലം.

**നാലാഞ്ചിറയിൽ**

നാലാഞ്ചിറ ബഥനി ആശ്രമത്തിൽ പ്രൊക്കുറേറ്ററായിട്ടായിരുന്നു ആദ്യനിയമനം. പ്രായോഗികമായ പല അറിവുകളും പ്രാപിക്കുന്നതിന് ഈ കാലം സഹായകമായി. സാമ്പത്തികമായി വളരെ ഞെരുക്കം അനുഭവിക്കുന്ന കാലയളവായിരുന്നതിനാൽ പല ബുദ്ധിമുട്ടുകളും സഹിക്കേണ്ടതായി വന്നിട്ടുണ്ട്.

പ്രൊക്കുറേറ്റർ ജോലിയിൽ തുടരവേ തന്നെ പ്രീ-ഡിഗ്രിക്കു പഠിക്കുന്ന ജൂണിയേഴ്സിന്റെ മാസ്റ്ററായി നിയമനം ലഭിച്ചു. പരിചയക്കുറവ് ചില പരാജയങ്ങളുണ്ടാക്കിയെങ്കിലും, അതിനെയെല്ലാം അതിജീവിച്ച് പരിശീലന രംഗത്ത് സേവനം ചെയ്യുവാൻ കഴിഞ്ഞു. നവജ്യോതി പ്രൊവിൻഷ്യൽ പെരിയ ബഹു.മരിയദാസച്ചനുൾപ്പെടെ 3

www.malankaralibrary.com

ബാച്ച് ശിഷ്യന്മാർ ഇന്നു സമൂഹത്തിന്റെ ഉന്നത നിലകളിൽ സേവനം ചെയ്യുന്നത് അഭിമാനത്തോടെ ഓർക്കുന്നു.

**ഉപരിപഠനം**

കോട്ടയം സെമിനാരിയിൽനിന്നു ലഭിച്ച ശുപാർശ പ്രകാരം 1982-ൽ റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉപരിപഠനത്തിനായി അധികാരികൾ എന്നെ അയച്ചു. ഒരു വർഷത്തെ പഠനത്തിനുശേഷം ചില ആരോഗ്യപ്രശ്നങ്ങൾ കാരണം മടങ്ങി വരേണ്ടതായിവന്നു. പല സ്ഥലങ്ങൾ കാണുവാനും, റോമിലെ സഭാജീവിതം മനസ്സിലാക്കുവാനും, പല രാജ്യക്കാരുമായി പരിചയപ്പെടാനും ഈ കാലയളവിൽ കഴിഞ്ഞു.

മടങ്ങിവന്ന് കോട്ടയം പൗരസ്ത്യവിദ്യാപീഠത്തിൽ പഠനം തുടർന്നു; Distinction-ടു കൂടി പൗരസ്ത്യ ദൈവശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം നേടി. "മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വം" എന്ന വിഷയത്തെപ്പറ്റി ആഴമായി പഠിക്കുന്നതിനും മലങ്കര കത്തോലിക്കാസഭയ്ക്ക് ഒരു ദിശാബോധം നൽകുന്നതിനും പ്രസ്തുത പഠനം സഹായകമായി. എല്ലാം ദൈവം നന്മയ്ക്കായി പരിണമിപ്പിക്കാനും എന്ന ചിന്തയാണെനിക്കുള്ളത്.

**പൂനായിലേക്ക്**

പൂനാ പഠനഗൃഹത്തിലേക്കായിരുന്നു അടുത്ത നിയമനം. Prefect of Studies അവിടെ എന്ന നിലയിൽ 3 വർഷം പ്രവർത്തിച്ചു. സമൂഹജീവിതം ശരിയായി അനുഭവിക്കാൻ പറ്റിയ സന്ദർഭമായിരുന്നു പ്രസ്തുത കാലഘട്ടം. പൂനായിൽ വൈദിക പരിശീലനം നേടാതിരുന്നതിനാലുള്ള കുറവുകൾ ഒരു പരിധിവരെ പരിഹരിക്കുന്നതിനും, JDV Campus നേക്കുറിച്ച് ശരിയായി മനസ്സിലാക്കുന്നതിനും പൂനാവാസം സഹായകമായി.

**നോവിഷ്യേറ്റ് മന്ദിരത്തിൽ**

രണ്ടു പ്രാവശ്യമായി 4 വർഷം ആലുവാ നോവിഷ്യേറ്റ് മന്ദിരത്തിലെ അംഗമാകുവാൻ സാധിച്ചു. അവിടെ അദ്ധ്യാപകനായും, പ്രീ-നോവിസസ്സിന്റെ ആദ്ധ്യാത്മിക നിയന്താവായും ശുശ്രൂഷ ചെയ്തു. നോവിഷ്യേറ്റിലെ പ്രത്യേക സാഹചര്യത്തിൽ, പ്രാർത്ഥനാജീവിതത്തിലധിഷ്ഠിതമായ ഒരു ജീവിതക്രമം അനുഷ്ഠിക്കുന്നതിനും ഏറെക്കുറെ ഈ സാഹചര്യം ഉപകാരപ്രദമായി.

www.malankaralibrary.com

**ജനറലേറ്റിലേക്ക്**

കോട്ടയം ജനറലേറ്റിൽ ബഥനി, പബ്ലിക്കേഷൻസിന്റെ ഡയറക്ടറായും 'ബഥനിശബ്ദ'ത്തിന്റെ എഡിറ്ററുമായി പിന്നീട് നിയമിതനായി. ഏകദേശം 8 വർഷത്തോളം ഈ നിലയിൽ പ്രവർത്തിച്ചു. 26 പുസ്തകങ്ങൾ പ്രസാധനം ചെയ്യുവാൻ സാധിച്ചു. യുവാക്കൾക്കും സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കുമായി ലേഖന മത്സരങ്ങൾ സംഘടിപ്പിച്ചു; പുസ്തകവില്പന ലാഭകരമാക്കി.

ബഥനി സമൂഹത്തിന്റെ പൊതുഭരണസമിതിയിൽ സെക്രട്ടറി ജനറലായി 1998-ലും 2004-ലും തെരഞ്ഞെടുക്കപ്പെട്ടു. പ്രോവിൻസ് സംവിധാനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രമീകരിക്കുവാൻ സഹകരിച്ചു. ബഥനിയുടെ പ്രവർത്തനമണ്ഡലങ്ങൾ കൂടുതൽ മനസ്സിലാക്കുവാനും, സമൂഹാംഗങ്ങളെ പ്രോവിൻസിനപ്പുറം സമഭാവനയോടെ കാണാനും ഈ കാലയളവിൽ കഴിഞ്ഞു. സമൂഹനിയമം, ആചാരങ്ങൾ എന്നിവയെപ്പറ്റി കൂടുതൽ പഠിക്കുന്നതിനും, അതിന്റെ ക്രോഡീകരണത്തിൽ കുറെയൊക്കെ സഹകരിക്കുന്നതിനും എനിക്കു സാധിച്ചു.

2009 മുതൽ നാലാഞ്ചിറ ബഥനി നഗർ ആശ്രമത്തിൽ താമസിച്ചുകൊണ്ട് യോഗാർത്ഥികൾക്ക് ക്ലാസുകൾ എടുക്കുന്നു. നല്ല ഒരു കുടുംബജീവിതത്തിന്റെ അനുഭവം ലഭിക്കുന്നു.

**അജപാലന സേവനം**

മിഷൻ രംഗത്ത് കാര്യമായി പ്രവർത്തിക്കുന്നതിന് എനിക്കു സാധിച്ചില്ല. ആ രംഗത്ത് അനുഭവവും കുറവാണ്. തിരുവനന്തപുരം അതിരൂപതയിൽ ആര്യനാട്, കരിപ്പൂർ, കോഴിയോട് എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വികാരിയായും, വേറ്റിനാട് 3 വർഷം വികാരിയായും പ്രവർത്തിച്ചു. മൂവാറ്റുപുഴ രൂപതയിൽ വെങ്ങോല, കീഴില്ലം എന്നീ ഇടവകകളിലും ഹ്യസ്വകാലം വികാരിയായിരുന്നു. അടുത്തകാലം വരെ ഇടവകകളിൽ സഹായിക്കുവാൻ പോയിരുന്നു.

നാലാഞ്ചിറ ജയമാതാ ഫ്രാൻസിസ്കൻ ബ്രദേഴ്സിന്റെ ചാപ്ളയിനായി മൂന്നു വർഷം പ്രവർത്തിക്കുവാനും സാധിച്ചു.

**അദ്ധ്യാപകൻ**

തിയോളജി പഠനകാലത്തുതന്നെ ആരംഭിച്ചതാണ് സഭാപരമായ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ എടുക്കുകയെന്നത്. അങ്ങനെ ബഥനി സമൂഹത്തിലെ അനേകബാച്ചു വിദ്യാർത്ഥികൾക്ക് ക്ലാസുകൾ എടുക്കുന്നതിന് എനിക്കവസരം ലഭിച്ചു. കൂടാതെ സിസ്റ്റേഴ്സ്,

www.malankaralibrary.com

സെമിനാരി വിദ്യാർത്ഥികൾ, MCYM, അത്മായ വിദ്യാർത്ഥികൾ തുടങ്ങി ആകെ 140 ബാച്ച്/ ഗ്രൂപ്പുകൾക്ക് ക്ലാസുകൾ എടുക്കുന്നതിനു സാധിച്ചു.

പൂനാ BVP-യിൽ 27 വർഷവും നാലാഞ്ചിറ മലങ്കര മേജർ സെമിനാരിയിൽ 10 വർഷവും തെള്ളകം കപ്പുച്യൻ പഠനഗൃഹത്തിൽ ഒരു വർഷവും പ്രൊഫസറായി ജോലി ചെയ്തു. അങ്ങനെ വലിയ ഒരു ശിഷ്യസമ്പത്ത് ലഭിച്ചുവെന്നത് അഭിമാനകരമായ ഒരു കാര്യമായി ഞാൻ കരുതുകയാണ്. Indian Church History, Identity of the Malankara Catholic Church, History of Religious Life, History of Bethany Congregation, Oriental Churches, Ecclesiological Studies എന്നീ വിഷയങ്ങളാണ് ഞാൻ വിവിധ പരിശീലന കേന്ദ്രങ്ങളിൽ എടുത്തു കൊണ്ടിരുന്നത്.

**എഴുത്തും വായനയും**

ക്ലാസുകൾക്കു പുറമേ, ഗ്രന്ഥങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും സഭാസംബന്ധമായ പ്രബോധനങ്ങൾ നൽകുവാൻ എനിക്ക് ദൈവം അവസരങ്ങൾ നൽകി. അങ്ങനെ 12 ഗ്രന്ഥങ്ങളും 115 ലേഖനങ്ങളും ഇതിനോടകം പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചു. അനുവാചകരുടെ നിർല്ലോഭമായ പ്രോത്സാഹനങ്ങളെ ഈ സന്ദർഭത്തിൽ നന്ദിപൂർവ്വം ഓർക്കുന്നു.

**നന്ദി.... നന്ദി**

ബഥനി സമൂഹത്തോടുള്ള എന്റെ വലിയ കടപ്പാട് ഞാൻ നന്ദി പൂർവ്വം അനുസ്മരിക്കുന്നു. വളരുന്നതിനുള്ള അവസരങ്ങൾ നൽകിയും, എന്റെ എളിയ ശുശ്രൂഷാ സംരംഭങ്ങൾക്ക് പ്രോത്സാഹനങ്ങൾ നൽകിയും ബഥനി എന്നെ സംരക്ഷിച്ചു. സമൂഹത്തിലെ എന്റെ ഗുരുക്കന്മാരെയും, മേലധികാരികളേയും നന്ദിപൂർവ്വം ഓർക്കുന്നു. അതുപോലെ, എനിക്കു വൈദിക പരിശീലനം നൽകിയ വടവാതൂർ സെമിനാരിയേയും ഈ സന്ദർഭത്തിൽ കൃതജ്ഞതയോടെ സ്മരിക്കുന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ സിറിൽ ബസേലിയോസ് തിരുമേനി നൽകിയിട്ടുള്ള പ്രോത്സാഹനങ്ങളും മാർഗ്ഗനിർദേശങ്ങളും നന്ദിപൂർവ്വം ഓർക്കുന്നു. ദൈവം നൽകിയ എല്ലാ നല്ല സന്ദർഭങ്ങൾക്കും അനുഗ്രഹങ്ങൾക്കും നന്ദി നിറഞ്ഞ ഹൃദയത്തോടെ അവിടുത്തേക്ക് കൃതജ്ഞതയും സ്തോത്രവും അർപ്പിക്കുന്നു. "എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്" എന്ന പ്രാർത്ഥനയാണ് ജൂബിലിയുടെ ഈ അവസരത്തിൽ മനസ്സിൽ വരുന്നത്. അപരിമേയ സ്നേഹത്തിന് നന്ദി!

www.malankaralibrary.com

# സന്യാസം - ആബ്ബാ അനുഭവം

ഫാ. സഖറിയാസ് നന്തിയാട്ട് ഒ.ഐ.സി.



മിശിഹാനുകരണ സന്യാസ സമൂഹത്തിൽ അംഗമായി കഴിഞ്ഞ 50 വർഷം മിശിഹായെ അനുകരിക്കുന്നതിന് പരിശീലിക്കുന്ന ഒരു സന്യാസി എന്ന നിലയിൽ എന്നെ ഞാൻ തന്നെ വിലയിരുത്തുമ്പോൾ ലക്ഷ്യപ്രാപ്തിയിൽ നിന്ന് ഏറെ അകലത്തിലാണ് എന്ന യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ട് തളർന്നുപോകാതെ ബലഹീനത യിൽ ശക്തി പകരുന്നവനിൽ ആശ്രയിച്ച് അവിടുത്തെ തൃപ്പാദങ്ങളിൽ സമർപ്പണം നടത്തുന്നു. അതോടൊപ്പം അവിടുത്തെ ദൃഷ്ടിയിൽ ഏറ്റം ശ്രേഷ്ഠമായത് സംഭവിക്കുവാൻ പ്രാർത്ഥിക്കുന്നു.

സമർപ്പണ ജീവിതത്തിന്റെ അമ്പതാം വർഷം ആഘോഷിക്കുന്ന ഈ വേളയിൽ എന്നെ ഞാനാക്കിയ ബഥനി സന്യാസ സമൂഹത്തെ ഓർത്ത് ദൈവത്തിന് നന്ദിയും കൃതജ്ഞതാ സ്തോത്രവും അർപ്പിക്കുന്നു. എനിക്ക് ശിക്ഷണം തന്ന് എന്നെ പരിശീലിപ്പിച്ച വാങ്ങിപോയവരും ജീവിച്ചിരിക്കുന്നവരുമായ ഗുരുഭൂതന്മാർ അധികാരകൾ വൈദിക സഹോദരന്മാർ സന്യാസ സഹോദരന്മാർ എന്നിവരോടുള്ള നന്ദിയും സ്നേഹവും ഹൃദയത്തിൽ സൂക്ഷിക്കുന്നു. നൂറിന്റെ നിറവിൽ നിറഞ്ഞു നിൽക്കുന്ന ബഥനി അനേക പുണ്യാത്മാക്കൾക്കും സുകൃതികൾക്കും മഹാരഥന്മാർക്കും ജന്മം നൽകി, തന്റെ ജന്മസാഫല്യം കൈവരിക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ഏതൊരു ലക്ഷ്യത്തിലേക്കായി ബഥനിയെ വിളിച്ചുവോ ആ ലക്ഷ്യം പൂർത്തിയാക്കുവാൻ ഓരോ ബഥാന്യനും കൃപ ലഭിക്കുവാൻ ഈ ജൂബിലി വർഷം പരസ്പരം ശക്തിപ്പെടുത്തുവാൻ പ്രാർത്ഥിക്കാം.

കഴിഞ്ഞ 50 വർഷങ്ങളിലെ പ്രാർത്ഥനാ ധ്യാനങ്ങൾ, പഠനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സന്യാസം അബ്ബാ അനുഭവവാസവും, യോഹന്നാന്റെ യേശു പ്രാർത്ഥനയുടെ പൂർത്തീകരണവുമാണെന്ന് ഞാൻ വിശ്വസിക്കുന്നു. “പിതാവേ ലോകസ്ഥാപനത്തിനു

www.malankaralibrary.com

മുമ്പ് എന്നോട് അവിടുത്തെ സ്നേഹത്താൽ അങ്ങ് എനിക്ക് മഹത്വം നൽകി. അങ്ങ് എനിക്ക് നൽകിയവരും അത് കാണുവാൻ ഞാൻ ആയിരിക്കുന്നിടത്ത് എന്നോടു കൂടി അവരും ആയിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു" (യോഹ 17:24). തായ്തണ്ടിനോടു ചേർന്ന് വസിക്കുന്ന ഭാവം. യേശുവിന്റെ ഈ പ്രാർത്ഥന ഓരോ വ്യക്തിയിലും യാഥാർത്ഥ്യ മാകുന്നതാണ് സന്യാസം. ആദിമുതലേ സ്രഷ്ടാവുമായി സൃഷ്ടി അഭേദ്യബന്ധം പുലർത്തണം എന്നതാണ് പ്രകൃതിയുടെ നിയമം. പ്രകൃതിയിലെ മനുഷ്യേതര സൃഷ്ടികളെ പരിശോധിച്ചാൽ അവ ഈ ബന്ധം അഭംഗുരം നില നിർത്തുന്നുണ്ട്. എന്നാൽ മനുഷ്യരിൽ ഏറിയ പങ്കും ഇതേക്കുറിച്ച് ബോധവാന്മാരല്ല എന്ന തോന്നൽ ഉളവാക്കുന്നു. മനുഷ്യനിൽ രൂഢമാലമായിരിക്കുന്ന സ്രഷ്ടാ-സൃഷ്ടി ബന്ധത്തെ അവഗണിക്കപ്പെടുന്ന മനുഷ്യ സ്വഭാവത്തെക്കുറിച്ച് യോഹന്നാന്റെ യേശു ചൂണ്ടിക്കാണിക്കുന്നത് ഇത്തരുണത്തിൽ ഏറെ ശ്രദ്ധേയമാണ്. "അവൻ കടന്നു പോകുമ്പോൾ ജന്മനാ അന്ധനായവനെ കണ്ടു. ശിഷ്യന്മാർ യേശുവിനോടു ചോദിച്ചു റബ്ബീ ഇവൻ അന്ധനായി പിറന്നത് ആരുടെ പാപം നിമിത്തമാണ്... യേശു മറുപടി പറഞ്ഞു, ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല. പ്രത്യുതാ ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" (യോഹ.9:1-3). വേദപണ്ഡിതന്മാരുടെ അഭിമതത്തിൽ പ്രസ്തുത അന്ധത എന്നത് അന്തർജ്ഞാനം ലഭിക്കാത്ത അബോധ അവസ്ഥയത്രേ. സ്ത്രീയിൽ നിന്നും ജനിച്ചിട്ടുള്ള എല്ലാവരും ഈ അവസ്ഥ പങ്കിടുന്നു. എന്നാൽ ആത്മജ്ഞാനം ലഭിച്ച എല്ലാവരും ഉൾകണ്ണ് തുറന്ന് താൻ എന്തായിരിക്കുന്നു എന്നും എന്തായിത്തീരണം എന്നും അന്വേഷിച്ചു കൊണ്ടേയിരിക്കുന്നു. ഈ അന്വേഷണ ത്വരയെ സങ്കീർത്തകൻ ആത്മാവിന്റെ ദാഹമെന്നും, ആത്മാവിന്റെ നൊമ്പരത്തെ ആത്മാവിന്റെ നെടുവീർപ്പെന്നും പൗലോസ് അപ്പസ്തോലനും വിശേഷിപ്പിക്കുന്നു.

ആത്മ ദാഹവും നെടുവീർപ്പും നൊമ്പരങ്ങളും വ്യക്തിയെ അസ്വസ്ഥനും അസംതൃപ്തനുമാക്കുന്നു. അത്തരത്തിലുള്ള ആത്മാവ് നെടുവീർപ്പിന്റെയും വേദനയുടെയും ഉറവിടം എന്ത്, എവിടെ എന്ന് അന്വേഷിച്ച് യാത്ര പുറപ്പെടുന്നു. വിജന സ്ഥലത്തെ ഏകാന്തതയിൽ, മണലാരണ്യത്തിലെ വിജനവും നിശബ്ദവുമായ സ്ഥലത്ത് എത്തിച്ചേരുന്നു. തപസ്സിൽ ലയിക്കുന്നു. തന്റെ നൊമ്പരത്തിന് കാരണമായ രഹസ്യങ്ങൾ ഓരോന്നോരോന്നായി കണ്ടെത്തുന്നു.

www.malankaralibrary.com

തന്നെതന്നെ പൂർണമായി തിരിച്ചറിയുന്നു. അവസാനം നിത്യം സന്തോഷം ഏകുന്ന സനാതന സത്യത്തിൽ വിലയം പ്രാപിക്കുന്നു. തന്റെ ജീവിതത്തിന്റെ സാഫല്യം ഉറപ്പാക്കുന്നു.

ആത്മാവിന്റെ നെടുവീർപ്പിനും, നൊമ്പരപ്പെടലിനും, സ്രഷ്ടാ-സൃഷ്ടി ബന്ധത്തെ മുറിപ്പെടുത്തിയ കാര്യകാരണങ്ങളെ വിശകലനം ചെയ്യുമ്പോൾ വിശുദ്ധിയില്ലാത്ത ഹൃദയവും കലുഷിതമായ മനസ്സും, താൻപോരുമയും സ്വാർത്ഥ മോഹങ്ങളും ജഢവികാരങ്ങളും, മോഹങ്ങളും ദ്രവ്യത്തോടുള്ള ആസക്തിയും പ്രതിസ്ഥാനത്ത് നിൽക്കുന്നു. എന്നാൽ ശാന്തമായ മനസ്സും, ഹൃദയ വിശുദ്ധിയും ഏകാഗ്രതയും, വിജനസ്ഥലത്തെ നിശബ്ദത നിറഞ്ഞ ഏകാന്തതക്ക് നൽകുവാൻ കഴിയും. കാരണം നിശബ്ദതയിലാണ് ദൈവത്തിന്റെ വാസം. നിശബ്ദമായ സ്ഥലം ദൈവത്തിന്റെ വാസസ്ഥലമാണ്. അവിടെ ദൈവം ഏറെ ഇഷ്ടപ്പെടുന്നു. ചുരുക്കത്തിൽ ചിത്തശുദ്ധി നേടുന്നതിനും, മനസ്സിനെ കലുഷിതമാക്കുന്ന കോപ, ക്രോധ, മോഹ, മദ മത്സരാധി ചിന്തകളെ നിയന്ത്രണ വിധേയമാക്കുന്നതിനും, ഇന്ദ്രിയങ്ങളെ അടക്കി ഭരിക്കുന്നതിനും വിജനപ്രദേശങ്ങളിലെ ഏകാന്തത സഹായകമാണ്. വിശുദ്ധാത്മാക്കൾക്ക് ദൈവമുഖദർശനം നൽകുന്നതും അവിടുത്തെ തിരുമനസ്സ് വെളിപ്പെടുത്തുന്നതും ഇത്തരം ശാന്തതയിലാണ് (പുറ 34:6-7; 1 രാജ 19:11-12; ഹോശ 2:15-20) മോശയും ഏലിയായും ഈ മഹനീയ ദർശനങ്ങൾക്കും വെളിപാടുകൾക്കും ഉത്തമ മാതൃകകളാണ്.

നിശബ്ദതതയിൽ അന്വേഷകൻ ദൈവ സാമീപ്യത്തിലും, ദൈവ സഖിത്വത്തിലും വളരുന്നു. ആത്മാവ് ദൈവത്തിന്റെ ആത്മാവിനെ ശ്രവിക്കുന്നതിനും തന്റെ ആഴങ്ങളിലേക്ക് ഇറങ്ങി വസിക്കുന്നതിനും വാഞ്ചിക്കുന്നു. തന്മൂലം ദൈവത്തിന്റെ ആത്മാവ് സകല നന്മകളും അന്വേഷക ആത്മാവിന് പകരുന്നു. എന്റെ സമാധാനം ഞാൻ തരുന്നു എന്നാൽ ലോകം തരുന്നതുപോലെയല്ല. ദൈവം എന്നിൽ സംപ്രീതനായിരിക്കുന്നു എന്ന അവസ്ഥ. "കഴിഞ്ഞ കാര്യങ്ങൾ നിങ്ങൾ ഓർമ്മിക്കുകയോ പരിഗണിക്കുകയോ വേണ്ട. ഇതാ ഞാൻ ഒരു പുതിയ കാര്യം ചെയ്യുന്നു അത് മുളയെടുക്കുന്നത് നിങ്ങൾ അറിയുന്നില്ലേ. ഞാൻ വിജന ദേശത്ത് ഒരു പാതയും മരുഭൂമിയിൽ നദികളും ഉണ്ടാക്കും" (ഏശ 43:18-19). ആത്മാവ് തനിക്ക് ലഭിച്ച് എല്ലാ നൽവരങ്ങൾക്കും കാരണമായ ദൈവസ്നേഹത്തിൽ ആനന്ദം

www.malankaralibrary.com

കൊള്ളുന്നു. ആത്മാവ് അബ്ബാ വത്സല പിതാവേ എന്ന് ദൈവത്തെ വിളിച്ച് ആത്മാനന്ദം പ്രകടമാക്കുന്നു. ഈ ആബ്ബാ അനുഭവം അന്വേഷകനെ പുതു സൃഷ്ടിയും, ഗലാ 5:22, കൊളോ 3:12–15ൽ വിവരിക്കുന്ന ആത്മ നൽവരങ്ങളുടെ സത്ഫലങ്ങളാൽ അലംകൃതനുമാകുന്നു.


ആബ്ബാ അനുഭവത്തിലേക്ക് നയിക്കപ്പെടുന്ന ഏതൊരു അന്വേഷകന്റെയും പ്രത്യേകിച്ച് മിശിഹാനുകരണ സന്യാസ സമൂഹാംഗങ്ങളുടെയും ഏക മാതൃക നസ്രായനായ യേശു അത്രേ. അവനിൽ വിശ്വസിച്ച അവന്റെ വാക്കുകളിലും പ്രവൃത്തികളിലും നിത്യജീവൻ ദർശിച്ചവർക്ക് ദൈവപുത്രി പുത്രന്മാരാകുവാനുള്ള വരം നൽകി. ദുർഘടനം നിറഞ്ഞും ദുർഗ്രഹവുമായിരുന്നു അവന്റെ ഭൂമിയിലെ വാസം. തന്നെ പിൻചെല്ലുവാൻ ആഗ്രഹിക്കുന്നവൻ അവൻ യാത്ര ചെയ്ത അതേ മാർഗ്ഗങ്ങളിലൂടെ യാത്ര ചെയ്യേണ്ടിയിരിക്കുന്നു. അവൻ കൈകൊണ്ട മാർഗ്ഗം, അവന്റെ ആബ്ബാ അനുഭവം ഹെബ്രായ ലേഖകൻ സംഗ്രഹിച്ച് വിവരിക്കുന്നു: “തന്റെ ഏഹിക ജീവിതകാലത്ത് ക്രിസ്തു മരണത്തിൽ നിന്ന് തന്നെ രക്ഷക്കുവാൻ കഴിവുള്ളവന് കണ്ണുനീരോടും വലിയ വിലാപത്തോടുംകൂടെ പ്രാർത്ഥനകളും യാചനകളും സമർപ്പിച്ചു. അവന്റെ ദൈവഭയം മൂലം അവന്റെ പ്രാർത്ഥന കേട്ടു. പുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു. പരിപൂർണനാക്കപ്പെട്ടതുവഴി അവൻ തന്നെ അനുസരിക്കുന്നവർക്കെല്ലാം രക്ഷയുടെ ഉറവിടമായി (ഹെബ്രാ 5:7–9).

ആബ്ബാ അനുഭവത്തിലൂടെ ഒരുവൻ നവ സൃഷ്ടിയാവുകയും വിരുദ്ധതകളെ അതിജീവിച്ച ദൈവപിതാ സ്നേഹത്താൽ ആമഗ്നനായി മഹിയിൽ വസിക്കുന്ന പിതാവിനോടുകൂടെ വസിക്കുവാൻ നസ്രത്തിലെ യേശുവിനെപ്പോലെ മിശിഹാ അനുകരണ സന്യാസ സമൂഹത്തിലെ ഏതൊരംഗത്തിനും കഴിയണം. എങ്കിൽ മാത്രമേ ബഥനിക്ക് സായൂജ്യത കൈവരുകയുള്ളു. ശതാബ്ദി ആഘോഷവേളയിൽ ആബ്ബാ അനുഭവത്തെ ലക്ഷ്യമാക്കി നമുക്ക് പ്രതിജ്ഞാ ബദ്ധരാകാം. ആബ്ബാ അനുഭവ വാസത്തിൽ നിന്ന് നമ്മെ പിന്തിരിപ്പിക്കുവാൻ ഒരു ശക്തിക്കും ഇടയാകരുത്. ‘ആബ്ബാ വാസം ഇദഃ സർവം, പരമ പ്രധാനം’ എന്ന പ്രാർത്ഥനാമന്ത്രം ഉരുവിടാം. എല്ലാവർക്കും നിറഞ്ഞ സ്നേഹത്തോടെ പ്രാർത്ഥനയോടെ ജൂബിലി ആശംസകൾ!

www.malankaralibrary.com

# My 25 Years of Religious Life in Bethany Ashram

**Fr. Titus John Cheravallil OIC**



Recently, a few months ago, I attended a religious profession of a young friend, who studied Hebrew with me . At the time of her profession her joy was incandescent. She was caught up with a glow, which we call 'the first fervour'. At this function my memories flew back to the days when I too had such a joy, excitement and confidence, which my young friend experienced before the altar of our Lord.

As I reflect on 25 years of my religious life in Bethany Ashram the three words that come to me repeatedly are 'gratitude, contrition and hope.' There are various reasons to be grateful in front of God at this juncture. First and foremost God has given me a blessed occasion to celebrate my Silver Jubilee of my religious vows when Bethany celebrates her centenary. As a religious I have received more than the Lord have promised to me.I consider that the call to become a religious in Bethany Ashram was the blessed gift that God has given to me. As a caring 'mother' she takes care of me from the day of my entry till today. Through the ideals of Bethany Ashram God has opened up to me his abundant graces and through which I am blessed to partake in the priesthood of our Lord. I have more to be thankful for in my 25 years of professed life, all of which I cannot be listed here and even recounted in this life. But the important thing is that the care and the gifts that I have received

www.malankaralibrary.com

from God through Bethany Ashram help me to review my life and savour the graces that God has gifted me through Bethany Ashram.

In my 25 years of religious life, I am overcome by compunction and contrition. My education and religious formation are good. I got highly spiritual and insightful rectors and superiors in my religious life. So I have no excuse for my shortcomings in my religious life. My infirmities of omission are always with me. But I am not crushed by my regrets because I cling always to Phil 4:13: "I can do everything through Christ who strengthens me."

I recall an important incident in my religious life. I had a conversation with Atmanandachan, when I had a little bit confusion about my vocation. At that time I was a priest and a member of Nalanchira ashram. I told Atmanandachan that it would have been better if Jesus had called someone better than me to carry on his mission and cross. He immediately scolded me with his own characteristic severity. He said me that I have to believe when the Lord called me then He got the man He wanted. Even today I don't know why the Lord called me, but I am sure that He did it and He anointed me and sustained me and gave me His mission. When I look back to my life what actually make me and what I am is the confidence that acquires from my religious life. Today I am confident to say that it is not the infirmities that define me, instead I am defined by religious life and by my priesthood.

As I approach my 25th anniversary in religious life, I have an abiding sense of hope. Though there are infirmities in me I believe that God has begun the good work in me and He will bring it to fulfillment. I have hope because I trust that God continues to bring good to me when I adhere passionately to the ideals of my religious consecration. The religious vows that I took in front of our Lord give me impetus to grow in my religious commitment and in the

www.malankaralibrary.com

grace of God. I believe that it is God himself squeezed these three vows from me in order to fulfill His plans in this world. My recent readings on the works of Mar Ephrem's interpretation on the Gospel of St.John 21 15-19 instill in me the thought that 'it is not me but God has chosen me and made me to take three vows '. Mar Ephrem interprets the whole episode of St Peter's answer to the question of our Lord 'do you love me' as a ceremonial profession of St Peter. According to Mar Ephrem the three times confession of St Peter that he loves Jesus represents the three vows. For Mar Ephrem God squeezed out three vows from him by making him to profess his love three times. God made him to take three vows. He says, 'God squeezed out the vows of love, mercy and fear of God from St Peter.' Of course this interpretation of Mar Ephrem goes on well with the ministry of St Peter in the Church. But it reckons the role of God in the process of professing vows. It relates well with Jn 15:16 "You did not choose me but I chose you." Mar Ephrem's interpretation gives me a new outlook of looking at my own vows. As God has chosen me He himself squeezed from me three vows in order to love him more passionately. As I am looking forward to live my religious life with more passion and commitment the thought of Mar Ephrem gives me the new ray of hope.

Before I conclude let me thank all those who have been good to me and apologize to all whom I have disappointed. With the hope that God who has been so kind and faithful to me so far will give me strength to live out my religious life with the 'fervour' that I had at the time of my first religious vows, I ask for a special remembrance from all my fellow bethanians as I mark my Silver Jubilee in religious life. May God bless Bethany through us as she completes her 100 glorious years of witnessing God's love in the world.

www.malankaralibrary.com

# കാൽനൂറ്റാണ്ടിന്റെ സന്യാസ അനുഭവം "കർത്താവിനെ അതിനെക്കൊണ്ട് ആവശ്യമുണ്ട്"

**ഫാ. വർഗീസ് വിനയാനന്ദ് ഒ. ഐ.സി.**



മനുഷ്യജീവിതത്തിൽ എല്ലാം, അറിവോടും അറിവുകൂടാതെയുമുള്ളത്, ആരംഭിക്കുന്നത് ഒരു അനുഭവത്തിൽ നിന്നാണ്. എന്നിലെ അന്വേഷണങ്ങൾ, കണ്ടെത്തലുകൾ, സർഗ്ഗാത്മകതകൾ, സൃഷ്ടികൾ, പങ്കുവയ്ക്കലുകൾ, സമ്പാദ്യങ്ങൾ, ബന്ധങ്ങൾ എല്ലാം ഓരോ അനുഭവത്തിൽനിന്ന് ആരംഭിച്ചതായി ഞാൻ അറിയുന്നു. എന്താണ് ആ അനുഭവം? സ്നേഹമാണ് ആ അനുഭവം! നല്ലതായിട്ടുള്ളതെല്ലാം ആരംഭിക്കുന്നത് സ്നേഹത്തിൽ നിന്നാണ്. പ്രപഞ്ചം, സൃഷ്ടിയുടെ മകുടമായ മനുഷ്യൻ, മനുഷ്യനിലെ ബന്ധങ്ങൾ എല്ലാം ആരംഭിച്ചത് സ്നേഹത്തിൽനിന്ന്. ഞാനും യേശുവും തമ്മിലുള്ള ബന്ധവും ആരംഭിച്ചത് ഒരു സ്നേഹത്തിന്റെ അനുഭവത്തിൽ നിന്നാണ്. ഇന്ന്, ആ അദൃശ്യമായ സ്നേഹാനുഭവം എനിക്ക് ദൃശ്യമാക്കപ്പെടുന്നതും അനുഭവവേദ്യമാകുന്നതും ബഥനി ആശ്രമത്തിലെ സന്യാസജീവിതത്തിലൂടെയാണ്. സന്യാസത്തിൽ യാത്ര ചെയ്യപ്പെട്ട കാൽനൂറ്റാണ്ട് സ്നേഹത്തിൽ, സ്നേഹം നുകർന്നുകൊണ്ട്, സ്നേഹമായി വളരാൻ, എനിക്ക് നൽകപ്പെട്ട സമയമായിരുന്നു.

ഈ സന്യാസയാത്രയ്ക്ക് വിനയവും ആനന്ദവും എനിക്ക് തുണയായി. നവസന്യാസ പരിശീലന സമയത്തെ ശ്രവണ-മനന പ്രക്രിയയിലൂടെ എന്റെ ഉള്ളിൽ ബോധ്യമായി നൽകപ്പെട്ട ഒരു അനുഭവമായിരുന്നു യേശുവിന്റെ സ്വഭാവമായ വിനയം. "ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ... എന്നിൽ നിന്നു പഠിക്കുവിൻ" (മത്താ 11,29) എന്ന് യേശു നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഇത് സ്വന്തമാക്കി ജീവിക്കാൻ ആരംഭിച്ചപ്പോൾ ഉള്ളിൽ ആനന്ദം നിറയുവാൻ തുടങ്ങി. യേശുവിൽ ആനന്ദിക്കുന്ന ഒരു സന്യാസിയുടെ

www.malankaralibrary.com

ഹൃദയത്തിൽ നിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും (യോഹ 7,37) എന്ന് ഞാൻ ഈ യാത്രയിൽ അനുഭവിച്ച് അറിഞ്ഞു.

കർത്താവിന്റെ നാമത്തിൽ വരുന്നവർ അനുഗ്രഹീതൻ എന്ന് പ്രപഞ്ചം മുഴുവൻ ഉദ്ഘോഷിക്കാൻ ഇടയാകത്തക്ക രീതിയിൽ യേശുവിനെ എഴുന്നള്ളിക്കാൻ ഭാഗ്യം സിദ്ധിച്ച ദൈവസൃഷ്ടിയാണ് യേശു തിരഞ്ഞെടുത്ത കഴുത. സോളൻ തന്റെ പിതാവായ ദാവീദിന്റെ സിംഹാസനത്തിൽ അഭിഷേകം ചെയ്യപ്പെടാൻ പോയത് തിരഞ്ഞെടുക്കപ്പെട്ട ഒരു കഴുതയുടെ പുറത്ത് ഇരുന്നുകൊണ്ടാണ്. ബഥനി ആശ്രമ സ്ഥാപകൻ മാർ ഈവാനിയോസ് പിതാവിന്റെ സന്യാസ ചൈതന്യത്തോടും, സ്ഥാപകന്റെ സുവിശേഷ ലക്ഷ്യത്തോടും, പിതാവിന്റെ വിശുദ്ധിയുടെ മാതൃകയോടും വിശ്വസ്തനായിരുന്നുകൊണ്ട് യേശു വാഹകനായി യാത്ര ചെയ്യുവാൻ സന്യാസത്തിലൂടെ ദൈവം എന്നെ തെരഞ്ഞെടുത്തു. ഇപ്രകാരം ക്രിസ്തുവിന്റെ വാഹനമാകുവാൻ സാധിച്ചു എന്നത് എനിക്ക് ആനന്ദദായകമാണ്.

നിത്യാനന്ദം ദൈവം തന്നെയാകുന്നു. അതിലേക്കുള്ള ഏറ്റം ശ്രേഷ്ഠമായ മാർഗ്ഗം ദൈവാരാധനയാകുന്നു. സന്യാസം തന്നെ ദൈവാരാധനയാകുന്നു എന്ന് നമ്മുടെ സമൂഹസ്ഥാപകൻ പഠിപ്പിക്കുന്നു. പൂർണ്ണസത്യം നിത്യാനന്ദം പ്രദാനം ചെയ്യുന്നു. അപൂർണ്ണ സത്യങ്ങളും അജ്ഞതയും ദുഃഖം പ്രദാനം ചെയ്യുന്നു. നിത്യാനന്ദം ഈശ്വരദർശനം കൊണ്ടോ പരമാർത്ഥജ്ഞാനം കൊണ്ടോ മാത്രമേ ലഭിക്കുകയുള്ളു എന്ന് ഭഗവദ്ഗീതയിൽ പറയുന്നു. “അനിത്യമാസുഖം ലോകമിമം പ്രാപ്യ ഭജസ്വ മാം” (അനിത്യവും ദുഃഖഭൂയിഷ്ഠവുമായ ഈ ലോകത്തിൽ വന്നിട്ടുള്ള ശാശ്വതസുഖം വേണമെന്നുള്ളവർ ഈശ്വരഭജനം ചെയ്യണം). നിത്യാനന്ദം അനുകൂലാനുഭവം ആകുന്നു. ഇന്ദ്രിയങ്ങൾ അതാതിന്റെ വിഷയങ്ങളുമായി ബന്ധപ്പെടുമ്പോഴുണ്ടാകുന്ന അനുകൂലാനുഭവം സുഖവും പ്രതികൂലാനുഭവം ദുഃഖവുമാകുന്നു എന്നാണ് സുഖദുഃഖങ്ങൾക്കുള്ള നിർവചനം. ഈ ലക്ഷണം നിത്യാനന്ദത്തിനു ചേരുന്നതല്ല. നിത്യാനന്ദാനുഭവത്തിനു മനസ്സോ ഇന്ദ്രിയങ്ങളോ ഇന്ദ്രിയ വിഷയങ്ങളോ ആവശ്യമില്ല. അവയില്ലാതെ ഉണ്ടാകുന്ന അനുകൂലാനുഭവമാണ് നിത്യാനന്ദം. സന്യാസം നിത്യാനന്ദ അനുഭവത്തിലേക്ക് നയിക്കുന്നു.

www.malankaralibrary.com

നിത്യാനന്ദം എന്നിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ഒരു സമ്പത്താണ്. അത് എന്നിലെ ദൈവാംശം തന്നെയാണ്. നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു (റോമ 5,5). എന്നിലെ ഈ ദൈവസാന്നിധ്യം നിത്യാനന്ദം തന്നെയായ ദൈവത്തിലേക്ക് എന്നെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ ദൈവത്തിൽ വിലയം പ്രാപിക്കുംവരെ ഞാൻ നിരന്തരം തീവ്രമായി അധ്വാനിച്ചുകൊണ്ടിരിക്കേണ്ടതാകുന്നു. 'കർത്താവിന് അതിനെ (എന്നെ)ക്കൊണ്ട് ആവശ്യമുണ്ട്' എന്നതിന് ഇതല്ലേ അർത്ഥം! എന്നെ ഉപയോഗിക്കുന്നതിനോ, പ്രയോജനപ്പെടുത്തുന്നതിനോ, മാർഗ്ഗമാക്കി മാറ്റുന്നതിനോ അല്ല ദൈവം ആഗ്രഹിക്കുന്നത് എന്ന് ഞാൻ തിരിച്ചറിയുന്നു. ദൈവത്തിൽ ഒന്നായി തീരാൻ അവിടുന്ന് ആഗ്രഹിക്കുന്നു. 'ഇവരും നമ്മിൽ ഒന്നാകാൻ' എന്ന യേശുവിന്റെ പ്രാർത്ഥനയും ആഗ്രഹവും സന്യാസത്തിലൂടെ എന്റെ ജീവിതത്തിൽ സാക്ഷാത്കരിക്കപ്പെടുന്നു. ഇരുപത്തഞ്ച് സംവത്സരങ്ങൾ പിന്നിടുമ്പോൾ നന്ദിനിറഞ്ഞ ഹൃദയത്തോട് ദൈവതിരുമുമ്പിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് ജീവിതയാത്ര തുടരുന്നു. ദൃശ്യമായവയല്ല, അദൃശ്യമായവയാണ് എന്റെ ലക്ഷ്യം (2 കോരി 4,18) എന്ന സന്യാസ സാക്ഷ്യത്തിലൂടെ!

വിനയത്തോടും ആനന്ദത്തോടും കൂടെ വി.പൗലോസിനോട് ചേർന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നത് - സന്യാസം അതിന്റെ പൂർണ്ണതയിൽ എനിക്ക് കിട്ടിക്കഴിഞ്ഞെന്നോ, ഞാൻ പൂർണ്ണനായെന്നോ അല്ല മേൽപറഞ്ഞവയ്ക്ക് അർത്ഥം. സന്യാസത്തിലൂടെ ക്രിസ്തുവിനെ സ്വന്തമാക്കാൻവേണ്ടി ഞാൻ തീവ്രമായി പരിശ്രമിക്കുകയാണ്. എന്നാൽ ഒന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. കർത്താവിന് എന്നെക്കൊണ്ട് ആവശ്യമുള്ളതിനാൽ അവൻ എന്നെ സ്വന്തമാക്കിയിരിക്കുന്നു!

oOo

"എനിക്കു സംഭവിക്കുന്ന സകലതും ദൈവസന്നിധിയിൽ നിന്നു വരുന്നതാകുന്നു. അതു നന്ദിയോടെ സ്വീകരിക്കണം, ദൈവത്തിന്റെ സൂക്ഷിപ്പിലേക്ക് നാം പരിപൂർണ്ണമായി കൈയൊഴിഞ്ഞു കൊടുക്കണം."

ദൈവദാസൻ മാർ ഈവാനിയോസ്

www.malankaralibrary.com

# പ്രാർത്ഥന വ്രതങ്ങളുടെ ആത്മാവ്

ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

വ്രതത്രയങ്ങളുടെ ആത്മാവ് പ്രാർത്ഥനയാണ്. ഒരാൾ തന്നെ ത്തന്നെ സമ്പൂർണ്ണയാഗമായി അർപ്പിക്കുന്ന ജീവിതത്തിലെ ഉന്നതമായ അനുഭവമാണല്ലോ സന്യാസ സമർപ്പണം. നമ്മുടെ സമർപ്പണം അതിന്റെ പ്രായോഗികമായ അർത്ഥതലങ്ങളിൽ സംലഭ്യമാക്കുന്നതും ജീവിക്കുന്നതും വ്രതബദ്ധമായ ജീവിതത്തിലൂടെയാണ്. വ്രതങ്ങളുടെ ആത്മാവിനെ സന്യാസി സ്വന്തമാക്കുന്നതനുസരിച്ചാണ് സന്യാസ ജീവിതം പുണ്യപൂർണതയുടെ ജീവിതമായി മാറുക. നമ്മുടെ ആശ്രമ ത്തിലെ 6 സഹോദരങ്ങളുടെ വ്രതസമർപ്പണത്തിന്റെ 50, 25 ജൂബിലി വർഷങ്ങൾ അനുസ്മരിക്കുമ്പോൾ പ്രാർത്ഥനയും വ്രതങ്ങളും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെയും അവ പരസ്പരം സമന്വയമായി ഒരുമിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയുമുള്ള ഒരു അന്വേഷണം തികച്ചും ആനുകാലികവും അതേസമയം തന്നെ വെല്ലുവിളികളിൽ അധിഷ്ഠിതവുമാണെന്നുമുള്ള ബോധ്യത്തിന്റെ പിൻബലത്തിലാണ് ഈ വിചിന്തനം. എല്ലാക്കാലത്തെക്കാളിലും ഉപരിയായി വ്രതത്രയ ങ്ങളുടെ ജീവിതമഹത്വത്തെ പരസ്യമായും രഹസ്യമായും വിമർശന വിധേയമാക്കി ആസ്വദിക്കുന്നവരുടെ എണ്ണം കൂടിവരുന്ന ഈ കാലത്ത് സമർപ്പിതരായ നമ്മൾ നമ്മുടെ ജീവിതക്രമത്തിന്റെ, മഹത്വത്തിന്റെ ആത്മാവിനെ സ്വന്തമാക്കേണ്ടത് ആവശ്യമാണ്. ഈ വിചിന്തനത്തി ലേക്ക് കടക്കുന്നതിനു മുമ്പ് പ്രിയപ്പെട്ട ജ്യേഷ്ഠ-അനുജ സഹോദര ന്മാർക്ക് വ്രതജൂബിലിയുടെ പ്രാർത്ഥനകളും ആശംസകളും നേരുന്നു. വ്രത ബദ്ധമായ ജീവിതത്തിലൂടെ നിങ്ങൾ ബഥനിക്കും മനുഷ്യസമൂഹ ത്തിനും സഭയ്ക്കും നല്കിയ ത്യാഗപൂർണ്ണമായ ജീവിത മാതൃകകൾക്ക് മുമ്പിൽ ശിരസ്സു കുനിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നു.

വിശകലനവിധേയമാകുന്ന വിഷയങ്ങളെപ്പറ്റിയുള്ള ഒരു നിർവചനം ഇവിടെ നല്കാൻ ആഗ്രഹിക്കുന്നില്ലെങ്കിലും പഠന വിഷയമാക്കുന്ന വിഷയങ്ങളെപ്പറ്റിയുള്ള ചില അടിസ്ഥാന ദർശനങ്ങൾ മനസ്സിലാക്കുന്നത് അത്യാവശ്യമാണ്. പ്രാർത്ഥനയെ നമുക്ക് നിർവചി ക്കാമോ? എങ്കിൽ എന്ത് നിർവചനം നാം നല്കും? നിർവചിച്ചാലും ഇല്ലെങ്കിലും മനുഷ്യകുലത്തിന്റെ ചരിത്രം നാം പഠിച്ചാൽ മനുഷ്യൻ

www.malankaralibrary.com

ദൈവത്തിൽ നിന്നും ആത്യന്തികമായി വന്നവനാകയാൽ അവൻ ദൈവത്തോട് ബന്ധപ്പെടുന്നവനും ബന്ധപ്പെടേണ്ടവനുമാണ്. ഈ അടിസ്ഥാന ക്രിസ്തീയ ധർമ്മം ഒരിക്കലും ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ആത്മാർത്ഥമായി തിരസ്കരിക്കുവാൻ കഴിയുകയില്ലല്ലോ. ഈ അടിസ്ഥാന മാനുഷിക ദൈവീക ധർമ്മത്തെ കാത്തുസൂക്ഷിക്കുന്നവർക്കും പിന്തുടരുന്നവർക്കുമുള്ളതാണ് പ്രാർത്ഥന. ഈശ്വരനോട് ബന്ധപ്പെടാനും ഈശ്വരനിൽനിന്ന് ആത്മീയമായും ഭൗതികമായും ആവശ്യമായത് സ്വന്തമാക്കാനുള്ള ആഗ്രഹവും അത് പല രീതികളിൽ പ്രകടിപ്പിക്കപ്പെടുന്ന മാർഗ്ഗങ്ങളുമാണ് പ്രാർത്ഥന. പ്രാർത്ഥനയുടെ വിഷയം എന്തുതന്നെയായാലും അത് വ്യക്തിയും ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ കറതീരാത്ത സമർപ്പണവും സമർപ്പണത്തിന് ദൈവം നല്കുന്ന സത്യവും വ്യക്തവുമായ ദൈവീക അനുഭവങ്ങളും നന്മകളുമാണ് പ്രാർത്ഥനയുടെ ശക്തി.

പ്രാർത്ഥനയുടെ അനുപേക്ഷിക ഘടകമാണ് ഒരുവന്റെ ജീവിതാന്തരീക്ഷവും അവൻ രൂപപ്പെടുത്തുന്ന വ്യക്തിപരമായ സാഹചര്യവും മാനസിക ഭാവവും. ശാന്തമായ അന്തരീക്ഷത്തിൽ പ്രാർത്ഥനയുടെ ആത്മാവിനാൽ സ്വയം കത്തിജ്വലിക്കുന്ന വ്യക്തികളെ നാം ചരിത്രത്തിൽ ധാരാളം കണ്ടുമുട്ടിയിട്ടുണ്ട്. ഹൃദയത്തിന്റെ കവാടങ്ങൾ അടച്ച് പ്രാർത്ഥിക്കുന്നവരുടെ ജീവിതം ഒരുവശത്തും, തപ്പുകളാലും ചതുരത്തപ്പുകളാലും ദൈവത്തെ സ്തുതിച്ച് ജീവിക്കുന്ന ദൈവമക്കളുടെ സാക്ഷ്യം മറുവശത്തും. ശാന്തതയിലുള്ള ദൈവാന്വേഷണവും ദൈവസംസർഗ്ഗവും ജീവിതത്തിലെ ഏറ്റം ഉന്നതമായ ദൈവാനുഭവമെന്ന ബോധ്യത്തിൽ ജീവിച്ച് മൺമറഞ്ഞ ലക്ഷക്കണക്കിന് ദൈവാ ന്വേഷികളുടെ ചരിത്രം പേറുന്ന നാടാണല്ലോ നമ്മുടേത്. ഹിമാലയ സാനുക്കളിലും ഉന്നതമായ മലമുകളിലും കൂടുകെട്ടി ജീവിതം മുഴുവൻ പ്രാർത്ഥനയ്ക്കായി, ശാന്തതയിൽ തങ്ങളെത്തന്നെ വ്യയം ചെയ്ത ത്യാഗോജ്ജ്വമായ ജീവിതമാതൃകകൾ ചരിത്രത്തിൽ രേഖപ്പെടുത്താവുന്നതിലും അധികമുള്ള, വളക്കൂറുള്ള മണ്ണാണ് നമ്മുടേത്. അവർക്കൊക്കെ പ്രാർത്ഥനയ്ക്ക് ഒരു അന്തരീക്ഷം ആവശ്യമായിരുന്നു. ബഹളമില്ലാതെ, പ്രപഞ്ചത്തിന്റെ മാത്രം ശാന്തതയിൽ സകലവും ത്യജിച്ച്, പ്രാർത്ഥിച്ച്, ജീവിതം മുഴുവൻ ഈശ്വരനിൽ അർപ്പിച്ച്, സായൂജ്യം പ്രാപിച്ച് മൺമറഞ്ഞ, ഇന്നും പ്രാർത്ഥനാസാക്ഷികളായി

www.malankaralibrary.com

നിലനില്ക്കുന്ന ജീവിതമാതൃകകൾ പ്രാർത്ഥനയെപ്പറ്റി സന്യാസത്തിൽ ഓർക്കുമ്പോൾ നമുക്ക് വിസ്മരിക്കാതിരിക്കാം. നമ്മുടെ സമൂഹ സ്ഥാപകനും സമൂഹം ആരംഭിക്കുന്ന അന്നുമുതലുള്ള നീണ്ട പതിനൊന്ന് വർഷങ്ങൾ ഇതുപോലെയുള്ള പ്രാർത്ഥനാജീവിതത്തിന്റെ മാതൃക നൽകി നമ്മെ ധന്യരാക്കിയതാണ്.

മറുവശത്ത് കൊട്ടും ആരവവും ബഹളവും ആർപ്പുവിളിയും നടത്തി അതാണ് പ്രാർത്ഥന എന്നു വിശ്വസിപ്പിച്ച് അതിന്റെ സന്ദേശ വാഹകരായി ജീവിക്കുന്ന ധാരാളം ആളുകളെ പണ്ടത്തെക്കാളു പരിയായി അനുദിന ജീവിതത്തിൽ നാം കണ്ടുമുട്ടുന്നു. ശാന്തതയാണെങ്കിലും, ബഹളമാണെങ്കിലും ചുരുക്കത്തിൽ പ്രാർത്ഥന ഒരു വ്യക്തിയെ ഈശ്വരനുമായി ബന്ധപ്പെടുത്തുന്ന അനുഭവം തന്നെ. സ്വർഗ്ഗത്തിലേക്ക് കയറി ചെല്ലാനും, സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി ഭൂമിയിലേക്ക് കടന്നുവരാനുമുള്ള ആത്മീയ ഗോവണിയാണ് സന്യാസിക്ക് പ്രാർത്ഥന. പ്രാർത്ഥനയ്ക്ക് സമയമുണ്ടോ? ചില നിശ്ചിത സമയങ്ങളിൽ പ്രാർത്ഥിച്ചാൽ മാത്രമേ ദൈവം കേൾക്കുകയുള്ളോ? ചില നിശ്ചിത സ്ഥലത്ത് പ്രാർത്ഥിച്ചാൽ മാത്രം ശ്രവിക്കുന്നവനാണ് ദൈവം എന്നൊക്കെയുള്ള ചിന്തകൾ പ്രാർത്ഥനയുമായി ബന്ധപ്പെട്ട് കെട്ടുപിണഞ്ഞു കിടക്കുന്നതല്ലേ. 'നിരന്തരം പ്രാർത്ഥിക്കുക' എന്ന ആഹ്വാനം പ്രാർത്ഥനയുമായി ബന്ധപ്പെട്ടതാണെന്ന് നമുക്ക് മറക്കാതിരിക്കാം. സ്ഥലം, സമയം, സാഹചര്യം, മനോഭാവം ഇവയൊക്കെ പ്രാർത്ഥനയെ കൂടുതൽ സജീവമാക്കുന്ന ഘടകങ്ങൾ തന്നെ. മനുഷ്യജീവിതത്തിലെ തിരക്കും ജോലിയുമൊക്കെ സ്ഥല സമയസാഹചര്യത്തെ രൂപപ്പെടുത്തുവാൻ മനുഷ്യനെ സഹായിക്കുന്നു എന്നുമാത്രം. എന്നാൽ ആത്യന്തികമായി സ്ഥല സമയ സാഹചര്യങ്ങളെക്കാളുപരി ദൈവവു മായി ഗാഢബന്ധത്തിലേർപ്പെടാനുള്ള മനുഷ്യസ്വഭാവത്തിന്റെയും മനുഷ്യാത്മാവിന്റെയും ആത്യന്തികമായ തൃക്ഷ്ണയുടെ പൂർത്തീകരണവും ആഗ്രഹവുമാണ് പ്രാർത്ഥന. വാചികപ്രാർത്ഥനയാ ണെങ്കിലും സമൂഹ പ്രാർത്ഥനയാണെങ്കിലും സ്വയം പ്രേരിത പ്രാർത്ഥനയാണെങ്കിലും, ശാന്തമായ പ്രാർത്ഥനയാണെങ്കിലും ലക്ഷ്യം ദർശന തലത്തിൽ അത് ദൈവവുമായുള്ള ആത്മബന്ധത്തിന്റെ തോരാത്ത ഇടങ്ങൾ തന്നെ.

പ്രാർത്ഥന കേൾക്കപ്പെടണമെങ്കിൽ ജീവിതവിശുദ്ധി ജീവനുള്ള ഭാവം തന്നെ. ഒരാൾ നിർമ്മലതയോടെ പ്രാർത്ഥിക്കുമ്പോഴാണ് അവന്റെ

www.malankaralibrary.com

പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നൽകുക. ഹൃദയശുദ്ധിയാണ് ദൈവത്തെ കാണാനുള്ള ഏക മാർഗ്ഗമെന്ന് വചനം നമ്മെ നിരന്തരം ബോദ്ധ്യപ്പെടുത്തുന്നുണ്ടല്ലോ. കപടമായ പ്രാർത്ഥനകൾ വെറും അധര വ്യായാമം തന്നെ. നിർമ്മലഹൃദയത്തോടെ പ്രാർത്ഥിക്കുന്ന വനെയാണ് ദൈവം തന്റെ പക്ഷത്ത് നിർത്തുക. ഫരിസേയന്റെയും ചുങ്ക ക്കാരന്റെയും പ്രാർത്ഥന ഇതിന് ഉത്തമ സാക്ഷ്യമാണല്ലോ. വിശുദ്ധ മല്ലാത്ത സകലത്തിൽ നിന്നുള്ള പിന്മാറ്റം അതേസമയംതന്നെ ദൈവീകമായ സകലതിനെയും സ്വീകരിക്കാനുള്ള ആത്മാർത്ഥമായ പരിശ്രമവുമാണ് ഒരാളുടെ വ്യക്തിപരമായ പ്രാർത്ഥനയുടെ ശ്രദ്ധ. സഭയിലെ വിശുദ്ധന്മാരുടെ ജീവിതം ഇതുതന്നെയാണ് സാക്ഷിക്കുക. അതുകൊണ്ട് നമ്മുടെ പ്രാർത്ഥനകൾ ദൈവം കേൾക്കുന്നില്ലായെങ്കിൽ അതിന്റെ കാരണം നാം പ്രാർത്ഥിക്കുന്നത് വിശുദ്ധിയിലല്ലാ എന്നുള്ളതു തന്നെ. ആയതിനാൽ ഓരോ നിമിഷവും വിശുദ്ധ ജീവിതത്തിന് നമ്മെ സമർപ്പിക്കുന്നതിന്റെ ആഴമനുസരിച്ചാണ് ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുക. മറ്റുവാക്കിൽ പറഞ്ഞാൽ പ്രാർത്ഥനയുടെ മനുഷ്യൻ വിശുദ്ധ ജീവിതത്തിന്റെ സാക്ഷിയാകണമെന്നു സാരം.

സന്യാസ സമർപ്പണം അടിസ്ഥാനപരമായി അതിന്റെ വിളിയുടെ ശ്രേഷ്ഠതകൊണ്ടും ജീവിതക്രമത്തിന്റെ അനുഷ്ഠാനംകൊണ്ടും വിശുദ്ധരാകുവാനുള്ള ക്ഷണം തന്നെ. ജീവിതത്തിന്റെ പ്രായോഗിക തലങ്ങളിലും ദർശന തലങ്ങളിലും ഒരുപോലെ ജീവിതം ലക്ഷ്യം വയ്ക്കുക ലോകത്തിൽ ആയിരുന്നുകൊണ്ട് ദൈവികവിശുദ്ധി കർമ്മംകൊണ്ടും ജീവിതംകൊണ്ടും സാക്ഷ്യംകൊണ്ടും സ്വന്തമാക്കുക എന്നതുതന്നെ. ഈ വിശുദ്ധ ജീവിതത്തെ പൂർണ്ണമാക്കുവാനാണ് ഒരാൾ സന്യാസവ്രതങ്ങളായ അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നിവ ദൈവത്തോടും സഭയോടും ജീവിതപ്രതിജ്ഞകളായി ഏറ്റുപറയുന്നത്. വ്രതബദ്ധജീവിതത്തിന്റെ ലക്ഷ്യം ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുചേരുകയാണ്. അനുസരണമുള്ളവനായിരിക്കുക, ദരിദ്രനായി ജീവി ക്കുക, വിവാഹം കഴിക്കാതെയിരിക്കുക എന്നതിന്റെയൊക്കെ അർത്ഥം സമർപ്പണത്തിന്റെ മഹത്വത്തിൽ ദൈവസ്നേഹത്തിന്റെ സജീവ മാതൃക കളായി ലോകത്തിൽ വസിക്കുകയാണ്. നിരന്തരം ദൈവത്തിന്റെ മുന്നിൽ, സഭയുടെ മുന്നിൽ പ്രാർത്ഥനയെ ഒരു സമസ്യയായി സ്വീകരി ക്കുന്നവന് മാത്രമുള്ളതാണ് വ്രതബദ്ധജീവിതം. കുറേക്കാര്യങ്ങൾ

www.malankaralibrary.com

ചെയ്തുകൂട്ടുവാനോ, കുറെ ബന്ധങ്ങളിൽ കറയില്ലാതെ ഇരിക്കുവാനോ ഉള്ള മാർഗ്ഗം മാത്രമല്ല വ്രതങ്ങൾ. മറിച്ച്, നിരന്തരം തന്റെ ജീവിതത്തിൽ, ബന്ധങ്ങളിൽ, കർമ്മങ്ങളിൽ ജീവിതം ദൈവത്തിന്റെ മുന്നിൽ സ്വയം കത്തിയെരിയാനുള്ള മാർഗ്ഗമാണ് വ്രതപാലനം.

പൊതുവേദികളിൽ പ്രാർത്ഥനയെപ്പറ്റിയോ വ്രതങ്ങളെപ്പറ്റിയോ സംസാരിക്കുന്നതോ, അത് ചർച്ചയ്ക്ക് വിഷയമാക്കുന്നതോ എന്തോ അപരാധമാണെന്നും മറ്റ് നൂറു കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുവാനുള്ളപ്പോൾ വളരെ പഴക്കമുള്ളവ ചർച്ച ചെയ്ത് മുരടിച്ച ഈ കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യാൻ ആർക്ക് താല്പര്യം, ആർക്ക് സമയം. ഈ മാതിരി വിഷയങ്ങളെക്കാൾ പ്രാധാന്യമുള്ള നൂറ് കാര്യങ്ങൾ പൊതുവേദികളിലും കൂടിവരവുകളിലും ചർച്ച ചെയ്ത് തീരുമാനമെടുത്ത് പിരിഞ്ഞ് അവരവർക്ക് ഇഷ്ടമുള്ള രീതിയിൽ ജീവിക്കുന്ന ഒരു സാഹചര്യം നിലനിൽക്കുമ്പോൾ സമർപ്പണത്തിന്റെ അടിസ്ഥാന ദർശനങ്ങളെപ്പറ്റി ആർക്ക് സംസാരിക്കാൻ ആർജ്ജവവും ധൈര്യവുമുണ്ട്. ആര് ചർച്ച ചെയ്ത് തിരുത്തൽ നടത്തി ജീവിക്കുവാൻ പരിശ്രമിക്കും. അംഗീകരിച്ചാലും ഇല്ലെങ്കിലും അനുഭവത്തിന്റെ പിൻബലത്തിൽ പറയട്ടെ, പ്രാർത്ഥനാ ജീവിതത്തിന് തടസ്സം നിൽക്കുന്ന സകലതും വ്രതബദ്ധ ജീവിതത്തിനും തടസ്സം തന്നെ. വ്രതജീവിതം നയിക്കണമെങ്കിൽ അനുദിനം ധ്യാനവും നിരന്തര പ്രാർത്ഥനയും സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളും ഒക്കെ അവിഭാജ്യ ഘടകങ്ങൾ തന്നെ. നമ്മുടെ അനുദിനജീവിതത്തിലും സാഹചര്യങ്ങളിലും നാം അനുഭവിക്കുകയും കണ്ടുമുട്ടുകയും ചെയ്യുന്ന വിപരീത സമർപ്പിത സാക്ഷ്യത്തിന്റെ അടിസ്ഥാന കാരണം നമുക്ക് പ്രാർത്ഥന ഇല്ല എന്നതുതന്നെ. പ്രാർത്ഥിച്ചവർ വീണുപോയിട്ടുണ്ടെങ്കിലും പ്രാർത്ഥനയുടെ തീവ്രതയിൽ നിന്ന് ശക്തി സംഭരിച്ച് ഉയർത്തെഴുന്നേറ്റ ചരിത്രമാണല്ലോ നമ്മുടെ സഭയ്ക്കുള്ളത്. ഏഴു നേരത്തെ പ്രാർത്ഥന നാലുനേരമാക്കി ചുരുക്കി, നാലുനേരത്തെ രണ്ടു നേരമാക്കി, രണ്ടുനേരം ഒരു നേരമാക്കി, അവസാനം ഒരു നേരവും പ്രാർത്ഥന ഇല്ല എന്ന കാര്യം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ വിളിക്കപ്പെട്ടവന്റെ കടമയാണ് പ്രാർത്ഥനയെന്ന് മനസ്സിലാക്കാത്തത് എന്തുകൊണ്ടാണ്?

നമ്മുടെ സമർപ്പണ ജീവിതത്തിലെ സകല അപചയങ്ങൾക്കും വിജയങ്ങൾക്കും കാരണം നമുക്ക് ഒന്നിച്ചും വ്യക്തിപരമായും

www.malankaralibrary.com

പ്രാർത്ഥിക്കുവാൻ കഴിയുന്നില്ല എന്നതാണല്ലോ. പ്രാർത്ഥിക്കുന്നവരുടെ സംഖ്യ അതു വ്യക്തിപരമാണെങ്കിലും സമൂഹാത്മകമാണെങ്കിലും തുലോം കുറഞ്ഞു വരുന്നു എന്നത് അനുഭവസാക്ഷ്യം. വി.കുർബാന സമർപ്പിതരായ നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ പ്രാർത്ഥനാ ജീവിതത്തിന്റെ ആത്മാവാണ്. മലങ്കര ആരാധനാക്രമം അതിന്റെ അനുഷ്ഠാന അനുഭവതലങ്ങളിൽ പൂർണ്ണമായി കാത്തുസൂക്ഷിക്കുവാൻ വിളി സ്വീകരിച്ച ഒരു സമർപ്പണ സമൂഹം എന്ന നിലയിൽ നാം വി.കുർബാനയോടു കാണിക്കുന്ന അനാദരവ് അതിരു കടക്കുന്നു. കുറഞ്ഞത് നാല്പതു മിനിറ്റ് സമയമെങ്കിലും എടുത്ത് അനുദിനം ബലിയർപ്പിക്കേണ്ട സമർപ്പകൻ വ്യക്തിപരമായി വി.കുർബാന സമർപ്പണത്തിന് എടുക്കുന്ന സമയം എത്ര? കുർബാനയിൽ സമർപ്പിക്കപ്പെടേണ്ട പ്രാർത്ഥനകൾ എത്ര ഓടിച്ചുവിട്ടു പ്രാർത്ഥിച്ചാലും മുപ്പത്തിയഞ്ച് മിനിറ്റെങ്കിലും എടുക്കില്ലേ? ഇതൊന്നും തന്നെ വകവയ്ക്കാതെ എളുപ്പത്തിൽ സമയം ലാഭിക്കാനായി ഒളിഞ്ഞും തിരിഞ്ഞും മറഞ്ഞും വി.കുർബാന ചൊല്ലി നിയോഗം സ്വീകരിക്കുന്ന സമർപ്പിതർക്ക് ആര് നീതികരണം നല്കും?

കപടതയുടെ മൂടുപടം ദൈവസന്നിധിയിൽ ദർശനവേദ്യമാണെന്ന് മറക്കാത്തത് എന്തുകൊണ്ട്? സമയലാഭത്തിനുവേണ്ടി ലത്തീൻ രീതിയിൽ പരി.കുർബാന സമർപ്പിച്ച് എന്തോ തിരക്കുണ്ടെന്ന് നടിച്ചു നടക്കുന്നവർക്ക് എന്ത് തിരക്കാണ് സമൂഹത്തിലുള്ളത് (ആഗോളസഭയിൽ ശുശ്രൂഷ ചെയ്യുന്ന സമൂഹാംഗ ങ്ങളെപ്പറ്റിയല്ല പരാമർശം. അവർ അതിന് സഭാപരമായി നിയോഗം ലഭിച്ചവരും അത് പാലിക്കേണ്ടവരുമാണ്). എന്നാൽ നമ്മുടെ ആശ്രമങ്ങളിൽ സമയലാഭത്തിനുവേണ്ടി ലത്തീൻ രീതിയിലോ മലബാർ ക്രമത്തിലോ കുർബാന ചൊല്ലുന്നതിന് ആരാണ് അനുവാദം നല്കിയിട്ടുള്ളത്. വി.കുർബാനയുടെ സമയം ലാഭിച്ചതുകൊണ്ട് കൂടുതലായി ഇങ്ങനെ കുർബാന സമർപ്പിക്കുന്നവർ എന്ത് ശുശ്രൂഷയാണ് ബഥനിക്കും മനുഷ്യസമൂഹത്തിനും നല്കുന്നത്? പ്രാർത്ഥനയും കുർബാനയും വ്രതബദ്ധമായ ജീവിതക്രമത്തിന്റെ ആത്മാവെന്ന് ചിന്തിക്കുമ്പോൾ നമ്മുടെ സമൂഹത്തിൽ കടന്നുവരുന്ന ഇങ്ങനെയുള്ള പ്രവണതകൾക്ക് ആര് നിയന്ത്രണം നൽകും. പ്രാർത്ഥനയുടെയും വ്രതജീവിതത്തി

www.malankaralibrary.com

ന്റെയും അഭേദ്യമായുള്ള ബന്ധം വ്യക്തിജീവിതത്തിൽ ബലമുള്ളതാണെന്ന് വിശ്വസിക്കുന്നവർക്ക് മാത്രമേ ഇതിൽനിന്നും തികച്ചും വിഭിന്നമായി ജീവിക്കുവാൻ കഴിയുകയുള്ളു. സന്യാസിയുടെ സനാതനമായ പ്രാർത്ഥനാ ജീവിതത്തിലൂടെ മാത്രം ഭൗതികതയിൽ നിന്ന് അകന്ന് ഭൗതികതയോടും ഭൗതീക ലോകദർശനങ്ങളോടും അനാസക്തി പുലർത്തിക്കൊണ്ട് സ്വാഭാവികവും മാനുഷികവുമായ അനുഭവത്തിൽ നിന്ന് വിമുക്തരായി ദൈവീകതയിൽ വളരാനും ദൈവീക ചൈതന്യം പ്രസരിപ്പിക്കുവാനുമുള്ള ഒരു ജീവിതം നയിക്കുവാൻ സന്യാസികൾക്കേ കഴിയുകയുള്ളുവല്ലോ.

നമ്മുടെ സമർപ്പണത്തിലെ ആദ്യവ്രതമാണല്ലോ അനുസരണം. അനുസരണവും പ്രാർത്ഥനയും തമ്മിൽ എന്തുബന്ധമാണുള്ളത്. അനുസരിക്കുന്നവർക്കു മാത്രമേ പ്രാർത്ഥിക്കുവാൻ കഴിയുകയുള്ളു. പ്രാർത്ഥിക്കാത്തവൻ അനുസരിക്കാത്തവൻ തന്നെ. താൻ വലിയവനല്ല, ദൈവസന്നിധിയിൽ എളിയവനാണ് എന്ന ബോധ്യം അനുസരണത്തെയും പ്രാർത്ഥനയെയും ഒരുപോലെ ഒന്നിപ്പിക്കുന്നു. അധികാരികളുടെ മുന്നിൽ തല വണങ്ങുന്നതാണ് അനുസരണം. അധികാരികളുടെ മുന്നിൽ അടിയറവു വയ്ക്കാത്തവൻ അനുസരിക്കുന്നവനല്ല. തന്റെ അഹത്തെയും തനിക്കുള്ളതും പൂർണ്ണമായും മറുതലിക്കാതെ അധികാരത്തിനുമുന്നിൽ സമർപ്പിച്ചവനല്ലേ സമർപ്പിതൻ. താനല്ല, തനിക്കുമുകളിൽ ഒരാളുണ്ടെന്ന് വിശ്വസിച്ച് തന്നെയും തനിക്കുള്ളതിനെയും അടിയറവു വയ്ക്കുന്നവനാണ് അനുസരണമുള്ളവൻ. അനുസരിക്കുന്നതിലൂടെ ഒരാൾ മറ്റൊരാളുടെ പ്രത്യേകിച്ച് അധികാരികളുടെ അടിമയല്ല, മറിച്ച് അവൻ അനുസരണവ്രതത്തിലൂടെ പൂർണ്ണസ്വതന്ത്രൻ തന്നെ. ഈ സ്വാതന്ത്ര്യത്തിൽ ജീവിക്കണമെങ്കിൽ സകലതിന്റെയും നാഥനായ ദൈവത്തിന്റെ മുന്നിൽ പ്രാർത്ഥനയിൽ തന്നെത്തന്നെ സമർപ്പിക്കണം. തന്റെ സ്വാർത്ഥതയുടെയും മനസ്സിന്റെയും ബുദ്ധിയുടേയും അഹത്തിന്റെയും ഉന്നത ഭാവങ്ങളെ സകലതും നടത്തുന്നതും പരിപാലിക്കുന്നതും ഭരിക്കുന്നതുമായ ദൈവത്തിന്റെ മുന്നിൽ അടിയറ വയ്ക്കുവാൻ പ്രാർത്ഥനാജീവിതത്തിൽ സാധിക്കുന്നവനാണ് സമർപ്പണജീവിതത്തിൽ അനുസരിക്കുന്നവൻ.

അനുദിനജീവിതത്തിൽ നാം അനുഭവിക്കുന്നതുപോലെതന്നെ അനുസരണവ്രതം അതിനാൽ തന്നെ പാലിക്കാൻ വളരെ

www.malankaralibrary.com

ആയാസമുള്ളതല്ല. സ്വന്തം പദ്ധതിയും രീതികളും അനുസരിച്ച് കാര്യങ്ങൾ നടത്തുവാനും മറ്റുള്ളവരെ തന്റെ രീതികളാണ് തികഞ്ഞതെന്ന് പറഞ്ഞ് ബോദ്ധ്യപ്പെടുത്തുവാനും വ്യക്തികൾ അനന്യസാധാരണമായ രീതിയിൽ പ്രാപ്തരായിരിക്കുന്ന ഈ കാലത്ത് അധികാരികൾ പറയുന്നത് അനുസരിക്കുക വളരെ ബുദ്ധിമുട്ടനുഭവപ്പെടുക ഒരു സ്വാഭാവിക അനുഭവം മാത്രം. എന്നാൽ പ്രാർത്ഥനാ ജീവിതം അതിന്റെ എല്ലാ അർത്ഥത്തിലും നയിക്കുന്ന ഒരു സന്യാസി സ്വഹിതമല്ല വലുതെന്നും അതിന് സ്വാതന്ത്ര്യം നൽകി അധികാരിയുടെ നിർദ്ദേശവും നടത്തിപ്പും തന്റെ ഹിതത്തെക്കാൾ വലുതെന്ന ഭാവം സ്വന്തമാക്കുന്നവനായിരിക്കും. പ്രാർത്ഥിക്കാത്തവന് ഒരിക്കലും അനുസരിക്കുവാൻ കഴിയുകയില്ല. അവൻ താനാണ് ഏറ്റം വലുത് എന്ന് ബുദ്ധിയിലും ജീവിതക്രമത്തിലും തെളിയിച്ചു കാണിക്കുവാൻ ഏതു മാർഗ്ഗവും സ്വീകരിക്കുന്നവാണ്. തന്റെ സ്വന്തം ഇംഗിതത്തെക്കാളുപരി താൻ വിശ്വസിച്ചേറ്റുപറഞ്ഞ ക്രിസ്തുവിന്റെ മനസ്സാണ് വലുതെന്നു പറയുവാൻ കഴിയുന്നവൻ പ്രാർത്ഥിക്കുന്നവനാണ്. തന്റെ ജീവിതത്തിൽ എളിമപ്പെടുന്നത്, അധികാരികളെ ശ്രവിക്കുന്നത് നമ്മുടെ ചെയ്തികളിൽ സത്യവും നീതിയും ഭരണം നടത്തുവാനുള്ള മാർഗ്ഗങ്ങൾ തന്നെ. നമ്മുടെയൊക്കെ സമൂഹങ്ങളിൽ നാം കാണുന്ന അധികാര വിദ്വേഷവും അധികാരികളെ നിരന്തരം ചോദ്യം ചെയ്യുവാനുള്ള ശ്രമവും അധികാര സമൂഹത്തെ സമൂലം പഴിചാരാനുള്ള പ്രവണതയുടെയുമൊക്കെ കാരണം പ്രാർത്ഥിക്കുന്നവരുടെ സംഖ്യ കുറയുന്നതാണ്. നാം ഏറ്റെടുക്കുന്ന കർമ്മങ്ങൾ വിജയിക്കാത്തതിന്റെ മൂലകാരണം അധികാരത്തെ തിരസ്കരിച്ച് സ്വന്തം ഇഷ്ടം ചെയ്യുന്നു എന്നുള്ള ശാഠ്യത്തിൽ ഉറച്ചു നില്ക്കുന്നതല്ലേ? നമ്മുടെ ഇഷ്ടം അത് നമ്മുടേതാണ് ദൈവത്തിന്റേതല്ല. നമ്മുടെ സമൂഹത്തിന്റേതുമല്ല. 'ഞാൻ' മാറി 'നമ്മൾ' ആകുന്ന അനുഭവമാണ് അനുസരണത്തിന്റെ കാതൽ. നമ്മുടെ സമൂഹത്തിന്റെ നൂറുവർഷത്തെ ചരിത്ര നേർവായനയിൽ എവിടെയെങ്കിലും നാം പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ മൂലകാരണം അധികാരത്തെയും അധികാരികളുടെ ആജ്ഞയെയും തിരസ്കരിച്ച് നമ്മുടെ സ്വന്തം പ്ലാനുകളും പദ്ധതികളും നടപ്പാക്കുവാൻ നാം ശ്രമിച്ചതല്ലേ?

അനുസരണത്തെപ്പറ്റിയും പ്രാർത്ഥനയെപ്പറ്റിയും നാം വിചിന്തനം നടത്തുമ്പോൾ ലോകത്തിൽ കണ്ടുമുട്ടുന്ന അനുസരണാനുഭവങ്ങളിൽ

www.malankaralibrary.com

നിന്നും സമർപ്പണത്തിലെ അനുഭവം തികച്ചും വ്യത്യസ്തമല്ലേ? നാം ജീവിക്കുന്ന നമ്മുടെ നാട്ടിലെ നിയമം അതിന്റെ പൂർണ്ണതയിൽ നാം അനുസരിക്കുന്നത് നാട്ടിൽ ജീവിക്കുവാനും നാടിന്റെ സുസ്ഥിതിയിൽ വിശ്വാസമുള്ളതുകൊണ്ടുമാണ്. എന്നാൽ സമർപ്പണത്തിൽ അനുസരണം സന്യാസത്തിൽ ജീവിക്കാൻ മാത്രം അല്ലല്ലോ. മറിച്ച് സ്നേഹത്താൽ മാത്രം പ്രേരിതനായി ദൈവത്തിന്റെ മുന്നിൽ സഹോദരങ്ങളെ സാക്ഷ്യം നിർത്തി നാം നടത്തുന്നത് സമ്പൂർണ്ണ സമർപ്പണമാണ്. ക്രിസ്തുവിന്റെ മുന്നിൽ പൂർണ്ണമായി തന്നെ സമർപ്പിക്കുന്ന അനുഭവം. ക്രിസ്തുവിന്റെ മുന്നിൽ ഹൃദയം പൂർണ്ണമായി സമർപ്പിക്കുന്ന സത്യം. ഈ അനുസരണത്തിന്റെ ശക്തി ക്രിസ്തുവും സമർപ്പിതനും തമ്മിലുള്ള പൂർണ്ണമായ ഐകൃത്തിൽ നിന്നും സംജാതമാകുന്നതാണ്. അനുസരിക്കുന്നവൻ ദൈവോന്മുഖനായിരിക്കുമെന്ന് സാരം. ജീവിക്കുന്നതിനല്ല, സുരക്ഷിതനാകുന്നതിനുവേണ്ടിയല്ല ഇവിടെ അനുസരണവ്രതം. ദൈവത്തിന്റെ ശബ്ദം അധികാരിയിലും ലോകത്തിലും ഒരുപോലെ ശ്രവിക്കുക, ദൈവത്തിന്റെ തിരുമനസ്സാണ് തന്റെ ജീവിതത്തിന്റെ ഹിതമെന്ന് ബോദ്ധ്യമുള്ളവൻ അനുസരിച്ച് ജീവിക്കുന്നവനായിരിക്കും. അവന്റെ കണ്ണും ഉൾക്കണ്ണും ഒരുപോലെ ദൈവത്തിങ്കലേക്ക് തിരിഞ്ഞിരിക്കും. തന്റെ കണ്ണും ഉൾക്കണ്ണും ഒരുപോലെ ദൈവത്തിങ്കലേക്ക് തിരിക്കുന്നതാണല്ലോ യഥാർത്ഥമായ കപടതയില്ലാത്ത പ്രാർത്ഥന. ചുരുക്കത്തിൽ അനുസരണവ്രതത്തിന്റെ ആത്മാവ് പ്രാർത്ഥനയിലാണ് സന്യാസി അനുഭവിക്കേണ്ടത്. നമ്മുടെ സമൂഹത്തിൽ നാം അനുഭവിക്കുന്ന അനുസരണത്തിന് എതിരായ വീഴ്ചകളുടെ കാരണം പ്രാർത്ഥിക്കാത്തതുതന്നെ എന്ന ബോധ്യത്തിലേക്ക് നാം തിരിച്ചുവരേണ്ട ഒരു കാലമാണിത്. പ്രാർത്ഥനാജീവിതത്തിന് നമ്മെ പുനഃസമർപ്പിക്കുന്നത് അത്യുത്തമമായ ഒരു സന്യാസ സാക്ഷ്യമാണെന്ന് നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ ജീവിതംകൊണ്ടു തെളിയിച്ചുകൊടുക്കണം. അനുസരണ വ്രതത്തിന് എതിരായ അപചയങ്ങൾ ഇന്ന് അതിരു കടക്കുന്ന എങ്കിൽ നമ്മുടെ പ്രാർത്ഥന സ്വീകരിക്കപ്പെടുന്നില്ലാ എന്നതു സത്യം.

നമ്മുടെ സമർപ്പണത്തിലെ രണ്ടാമത്തെ വ്രതമാണല്ലോ ദാരിദ്ര്യം. ദാര്യദ്ര്യവ്രതം ആത്യന്തികമായി ലോകത്തിൽ ആസക്തികളില്ലാത്ത

www.malankaralibrary.com

വനാകുവാനുള്ള ക്ഷണമാണ്. ലോകത്തോടും പ്രത്യേകിച്ചും ലൗകിക സമ്പത്തിനോടുമുള്ള ആസക്തി ഒരാളെ പ്രാർത്ഥനാജീവിതത്തിൽ നിന്നും മാറ്റും. അനുഭവം ഈ വിഷയത്തിൽ നമുക്ക് വേണ്ടതിലധികം ഉണ്ടല്ലോ. സാധാരണക്കാർ അവരുടെ ജീവിതത്തിൽ ജീവസന്ധാരണ ത്തിനുവേണ്ടി രാപകൽ അലഞ്ഞ് അദ്ധ്വാനിച്ചു ജീവിക്കുമ്പോൾ സമർപ്പിതരായ നമ്മുടെ അടിസ്ഥാന ആവശ്യങ്ങൾ എല്ലാം തന്നെ നാം ഉൾക്കൊണ്ട് നില്ക്കുന്ന സമൂഹത്തിൽ സംലഭ്യമാണ്. നമ്മുടെ ജീവിതത്തിൽ സാധാരണക്കാരെപ്പോലെ അടിസ്ഥാന ആവശ്യങ്ങൾക്കു വേണ്ടിയുള്ള അതിരുകവിഞ്ഞ വ്യഗ്രതകൾ നമ്മെ ഒരിക്കലും ലക്ഷ്യസ്ഥാനത്ത് എത്തിക്കയില്ല. വസ്ത്രത്തെപ്പറ്റി, ഭക്ഷണത്തെപ്പറ്റി, പാർപ്പിടത്തെപ്പറ്റി ഒന്നും ചിന്തിച്ച് മനപ്രയാസപ്പെട്ട് ആയുസ്സ് കളയുവാനുള്ളതല്ല നമ്മുടെ സമർപ്പണം. ഭൗതികമായ ഒന്നിനോടും ഒട്ടിച്ചേർക്കപ്പെടാത്ത ഒരു ജീവിതമല്ലേ നാം ദാരിദ്ര്യവ്രതത്തിലൂടെ സ്വീകരിച്ചിരിക്കുക. ജീവിതകാലശ്രദ്ധ മുഴുവൻ ഭൗതിക കാര്യങ്ങളിലും അവയുടെ സമ്പാദനത്തിലും മാത്രം ശ്രദ്ധയുള്ള സമർപ്പിതന്റെ ജീവിതലക്ഷ്യം എന്താണ്. മറിച്ച്, ലൗകികമായ ആകുലതകളിൽനിന്ന്, വ്യഗ്രതകളിൽനിന്ന് മോചിതരായി അനാസക്തമായ ഒരു ജീവിതവും സാക്ഷ്യവുമല്ലേ ദാരിദ്ര്യവ്രതം ലക്ഷ്യം വയ്ക്കുന്നത്. ഈ ലക്ഷ്യത്തെ പ്പറ്റിയുള്ള ബോധ്യമില്ലായ്മ സന്യാസിയെ വെറും ലൗകികനാക്കുക യുള്ളു. ആസക്തികളുടെ ഭണ്ഡാരം പേറി ജീവിതം അവസാനിപ്പി ക്കുന്നവരുടെ സംഖ്യ കുറവല്ലല്ലോ. മരണസമയത്തുപോലും വിട്ടുകൊടുക്കുവാൻ കഴിയാത്തവർ സന്യാസികൾ ആണോ?

സകല തിന്മകളുടെയും അടിസ്ഥാനം ധനമോഹമാണല്ലോ. ആയതിനാൽതന്നെ ധനമോഹപരിത്യാഗം സകല നന്മകളുടെയും അടിസ്ഥാനശില. നമ്മുടെ വിളിയുടെ മർമ്മമനുസരിച്ച് ദൈവത്തിലും അവന്റെ പരിപാലനയിലും ആശ്രയം വച്ച് ജീവിക്കേണ്ടവരാണ് നമ്മൾ. ലോകത്തിൽ ജീവിക്കുന്നവരെന്ന നിലയിൽ നമ്മുടെ സുഹൃത്തുക്കൾ, സ്ഥാനം, ആരോഗ്യം, ബന്ധങ്ങൾ, പേര് ഒക്കെ നമ്മുടെ ജീവിത താല്പര്യ വിഷയങ്ങൾ തന്നെ. ഇവയിലുള്ള ഉയർച്ച നമ്മെ ലോകത്തിൽ സന്തോഷിപ്പിക്കുന്ന അനുഭവങ്ങളാണ്. എന്നാൽ അനുദിന പ്രാർത്ഥനയിലൂടെയും വി.കുർബാനയുടെ സമർപ്പണത്തിലൂടെയും

www.malankaralibrary.com

ദൈവത്തെ പ്രതി ഇവയെ നിഷ്പ്രഭമായ അനുഭവങ്ങളാണെന്ന് തിരിച്ചറിയുവാനുള്ള വെളിപാട് ലഭിക്കുന്നത് ദൈവബന്ധത്തിലാണ്. ദൈവം യഥാർത്ഥ ധനം എന്ന സത്യത്തെ സമർപ്പിക്കാൻ സന്യാസിക്ക് കഴിയുക ഇവിടെയാണ്. സത്യത്തിൽ പ്രാർത്ഥനാജീവിതം നയിക്കുന്ന സന്യാസിയുടെ ഹൃദയം ദൈവത്തിന്റെ ഹൃദയത്തിൽ വസിക്കുന്നതും ദൈവം അവന്റെയുള്ളിൽ വസിക്കുന്നതുമാണ്. മറ്റൊന്നിനെ അവിടെ കുടിയിരുത്താൻ അവന് കഴിയുകയില്ല. പ്രാർത്ഥനാജീവിതമില്ലെങ്കിൽ ഹൃദയത്തിൽ ലോകത്തെയോ ലോകവസ്തുക്കളെയോ ലോകബന്ധങ്ങളെയോ നാം പ്രതിഷ്ഠിക്കും. ദാരിദ്ര്യവ്രതത്തിലൂടെ സ്വയം ശൂന്യമാക്കേണ്ടവൻ സകലതും ഹൃദയത്തിൽ സ്വരൂപിക്കുകയും മാനുഷിക ഭൗതിക സ്വാഭാവിക പ്രവണതകൾക്കും പ്രാധാന്യം നൽകുകയും ചെയ്യും. പ്രാർത്ഥനാജീവിതമില്ലാത്തതിനാൽ അവനറിയാതെ ലൗകിക ജീവിതത്തിലേക്ക് വഴുതി പോവുകയും ലോകത്തിലുള്ള സകലതും ആർത്തിയോടെ ഉൾക്കൊള്ളുകയും ദാരിദ്ര്യവ്രതത്തോട് കുലബന്ധമില്ലാത്ത ജീവിതം നയിച്ച് സന്യാസി എന്ന് നടിച്ച് നടക്കുകയും ചെയ്യും.

ദാരിദ്ര്യവ്രതത്തെപ്പറ്റിയും പ്രാർത്ഥനയെപ്പറ്റിയും നാം ചിന്തിക്കുമ്പോൾ സന്യാസി ആശ്രയിക്കേണ്ടത് ആരിലാണ് എന്ന് പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നു. പ്രാർത്ഥനാനുഭവം, ദൈവത്തിൽ അഭയപ്പെടാൻ നമ്മെ ക്ഷണിക്കുന്നു. പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ ശബ്ദം കേൾക്കുന്നവർക്ക് മാത്രമേ ദാരിദ്ര്യ വ്രത പാലനത്തിൽ ജീവിക്കാൻ കഴിയുകയുള്ളു. എന്നാൽ ലൗകിക സമ്പത്തുകളുടെയും ലൗകിക സുഖത്തിന്റെയും പുറകേ പോയി ജീവിക്കുന്നവരെ സംബന്ധിച്ച് ജീവിതകാലം മുഴുവനും താൻ സമ്പാദിച്ചു കൂട്ടിയവ നഷ്ടപ്പെടുമോ എന്ന ആകുലതയും തന്റെ ഭാവി സുരക്ഷിതത്തെയും ഓർത്ത് ഭയപ്പെട്ട് ദൈവത്തെ ദർശിക്കാനോ ദൈവിക നന്മകൾക്ക് ഉത്തരം നൽകുവാനോ കഴിയുകയില്ല. ദൈവത്തിന്റെ പരിപാലനയും നിത്യമായ വിശ്വാസവും എല്ലാം ജീവിത വ്യഗ്രതകളെയും അതിലംഘിക്കുന്നതാണെന്ന ബോദ്ധ്യവും ശരണവും ഉള്ള സമർപ്പിതനുമാത്രമേ ചുരുക്കത്തിൽ ദാരിദ്ര്യവ്രതം പാലിക്കുവാനും പ്രാർത്ഥിക്കുവാനും ഒരുപോലെ കഴിയുകയുള്ളു. പണത്തിന്റെ കാവൽക്കാരനും, ലോകത്തിന്റെ സുഖ

www.malankaralibrary.com

ഭോഗങ്ങൾ അതിന്റെ പൂർണ്ണതയിൽ സ്വന്തമാക്കി ജീവിക്കുന്നവനല്ലല്ലോ സമർപ്പിതൻ. "ഒരുകാശ് ധനമുള്ളവൻ ഒരുകാശിനും വിലയില്ലാത്തവൻ" എന്ന നമ്മുടെ സമൂഹസ്ഥാപകന്റെ ബോധ്യവും പഠിപ്പിക്കലും അതനസുരിച്ചുള്ള ജീവിതവും വെറും പ്രസംഗമാക്കി ചുരുക്കി തിരിഞ്ഞും മറിഞ്ഞും ഏതുവിധേയനേയും പണം സ്വരൂപിക്കാൻ ആർത്തിപൂണ്ട് അലറിനടക്കാനുള്ള സിംഹങ്ങളാകാനല്ലല്ലോ നാം ഈ സമൂഹത്തിൽ വിളിക്കപ്പെട്ടത്. ദാരിദ്ര്യത്തെപ്പറ്റിയും പ്രാർത്ഥന യെപ്പറ്റിയും ഒക്കെ ചിന്തിക്കുമ്പോൾ ഇന്ന് നമ്മുടെ സമൂഹത്തിൽ നാം സ്വരൂപിക്കുന്ന പണത്തിൽ പാവങ്ങളുടെ കണ്ണുനീർ കുതിർന്ന് അവ നനഞ്ഞിട്ടുണ്ടെങ്കിൽ ആര് നമുക്ക് മാപ്പു തരും. ഒപ്പം ഒട്ടും വിയർക്കാതെ നമ്മുടെ മിടുക്കുകൊണ്ട് നാം നേടുന്ന പണമൊക്കെ ദാരിദ്ര്യാരൂപിയിൽ ജീവിക്കുവാനോ ആത്മാർത്ഥമായി പ്രാർത്ഥിക്കുവാനോ നമ്മെ ഒരിക്കലും സഹായിക്കില്ല. ദാരിദ്ര്യ വ്രതത്തിന്റെ അരൂപിയിൽ ജീവിച്ച് സാക്ഷ്യം നൽകുവാൻ ദൈവത്തിന്റെ സഭയും ഭാരത സമൂഹവും നമ്മെ ഒരുപോലെ ക്ഷണിക്കുന്ന ഈ കാലഘട്ടത്തിൽ നമുക്ക് കുറച്ചുകൂടി ദരിദ്രരാകുവാൻ കഴിയുമോ? അത് ഭക്ഷണത്തിലായാലും വാഹനത്തി ലായാലും പരിപാടികൾ നടത്തി പേരെടുക്കുന്നതിലായാലും വസ്ത്രരീതികളിലാണെങ്കിലും യാത്രയിലാണെങ്കിലും ദാരിദ്ര്യാരൂപി കാത്തുസൂക്ഷിക്കേണ്ട തലങ്ങളിൽ ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥിച്ച് ജീവിക്കുന്നവരാകുവാൻ കഴിയുമോ? നാം കുറച്ചുകൂടി നമ്മുടെ സകല ജീവിതക്രമങ്ങളിലും എതിർസാക്ഷ്യം ലോകത്തിനും സഭയ്ക്കും നൽകാതെ സമർപ്പണജീവിതം പൂർത്തീകരിക്കുവാൻ സാധിക്കുമോ. ദൈവത്തെ സ്വന്തമാക്കാൻ സകലവും ഉപേക്ഷിച്ച് ആശ്രമത്തിന്റെ നാലുകെട്ടിനുള്ളിൽ പ്രവേശിച്ച് നമുക്ക് ഉള്ളതുമുഴുവൻ ദൈവമൊഴികെ യുള്ളതാണെങ്കിൽ നാം ലോകത്തിനു കൊടുക്കുന്ന സാക്ഷ്യം വിപരീതമല്ലേ. ഒരു വിശകലനവും അതനുസരിച്ചുള്ള ബോധപൂർവ്വമായ ജീവിതക്രമവും ഇവിടെ അനിവാര്യം തന്നെ. എളിയ ഹൃദയത്തോടും തുറന്ന മനസ്സോടും തങ്ങളിൽ ആശ്രയിക്കാതെയും ദൈവത്തിൽ ആശ്രയിച്ചുകൊണ്ടും ഒരു തിരിച്ചുവരവിന് നാം തയ്യാറായാൽ നമ്മുടെ ജീവിതം ധന്യമാകും, നാം ശാന്തരുമാകും.

സമർപ്പിതരായ നാം ഏറ്റെടുത്ത് പാലിക്കുന്ന ബ്രഹ്മചര്യവ്രതവും പ്രാർത്ഥനയും തമ്മിൽ നാം അറിയാത്ത രീതിയിലുള്ള ഒരു ഗാഢ

www.malankaralibrary.com

ബന്ധമുണ്ട്. ഈശ്വരനിൽ ചരിക്കുന്നവൻ ബ്രഹ്മചാരി. ഈശ്വരനിൽ ജീവിക്കുന്നവൻ പ്രാർത്ഥിക്കുന്നവൻ. തന്റേയും തനിക്കുള്ളതും ഈശ്വരനായി നീക്കിവച്ചിരിക്കുന്നവൻ സമർപ്പിതൻ. നമ്മുടെ ബ്രഹ്മചര്യവ്രതം കുറെ കാര്യങ്ങൾ ചെയ്യുന്നതിന് നമ്മെ സംലഭ്യ രാക്കുന്നു എന്ന തെറ്റിദ്ധാരണ മാറണം. നമ്മുടെ ബ്രഹ്മചര്യവ്രതത്തിന്റെ ആത്മാവ് യേശു കേന്ദ്രീകൃതമായ ജീവിതം തന്നെ. സ്വന്തം ജീവിത മാതൃക വഴി ക്രിസ്തുവിന്റെ സഭയെയും ക്രിസ്തുവിന്റെ ജനത്തെയും വളർത്തുവാനാണ് ഒരാൾ ബ്രഹ്മചാരിയാവുക. കുറേ സേവനം ചെയ്യാൻ, കൂടുതൽ സമയം സേവനത്തിനുവേണ്ടി സംലഭ്യ മാക്കുവാൻ നാം ബ്രഹ്മചാരികളാകേണ്ടതില്ല. യേശു എപ്പോഴും ബ്രഹ്മചര്യത്തെ ബന്ധി പ്പിക്കുക ദൈവരാജ്യവുമായിട്ടാണ്. ദൈവരാജ്യത്തിനുവേണ്ടിയാണ് നാം ഈ വ്രതം സ്വീകരിച്ചിരിക്കുക. അതു തന്നെയാണ് പൗലോസും പറയുക. "അവിവാഹിതൻ എങ്ങനെ ദൈവത്തെ പ്രസാദിപ്പിക്കാം" എന്ന് വിചാരിച്ച്, ദൈവീക കാര്യങ്ങളിൽ ശ്രദ്ധയുള്ളവൻ ആണ്. ഇത് ലോകത്തിൽ നിന്നുള്ള ഒളിച്ചോട്ടമോ, മനുഷ്യനോട് ബന്ധ മില്ലാത്ത അവസ്ഥയോ മറ്റുള്ളവരെ ഉള്ളുതുറന്ന് സ്നേഹിക്കാത്ത അനുഭവമോ അല്ല. മറിച്ച്, ദൈവരാജ്യത്തിനുവേണ്ടി ദൈവീക ജീവനിൽ, ദൈവ അനുഭവത്തിൽ, തനിമയാർന്ന രീതിയിൽ വളരുവാനുള്ള ക്ഷണമാണ്.

ജഡത്തിന്റെ ആഗ്രഹങ്ങളെ നിഗ്രഹിക്കാനും, നിത്യവിരക്തരായി ജീവിക്കാനും അത്ര എളുപ്പമുള്ള കാര്യമല്ല. പ്രത്യേകിച്ച് കഠിനമായ പരീക്ഷങ്ങളുടെ ഇക്കാലത്ത്. എന്നാൽ നിരുപാധികമായി ദൈവത്തിന് തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്നതിന് ദൈവത്തെക്കൊണ്ടും ദൈവീക രഹസ്യങ്ങളുടെ ആഘോഷങ്ങളെക്കൊണ്ടും സ്വന്തം ജീവിത ത്തിലെ ശൂന്യത നികത്തുന്നവന് മാത്രമേ ബ്രഹ്മചര്യം പാലിക്കുവാൻ കഴിയുകയുള്ളു. അതിലൂടെ അവൻ അനുഭവിക്കുന്ന സ്വർഗ്ഗീയ അനുഭവത്തിന്റെ, ആനന്ദത്തിന്റെ ആത്മാവാണ് ബ്രഹ്മചര്യത്തിന്റെ കാതൽ. അത് എല്ലാവരോടും ഗാഢമായി കറയില്ലാത്ത ബന്ധം പുലർത്താൻ അവനെ പ്രാപ്തനാക്കുകയും സകലരും ക്രിസ്തുവിന്റെ സഹോദരസഹോദരികളാണെന്നുള്ള വെളിപാട് സ്വന്തമാക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. ഈ വെളിപാടിലേക്ക് അവൻ കടന്നു വരുന്നത് അവന്റെ പ്രാർത്ഥനാജീവിതത്തിലൂടെ തന്നെ. ജീവിതത്തിന്റെ ഏകാന്തതയിൽ, ദൈവത്തെ പ്രാർത്ഥനയിൽ നിറച്ചവൻ ദൈവവുമായി

www.malankaralibrary.com

പ്രാർത്ഥനയിൽ സമ്പർക്കം പുലർത്തുവന്, ഐക്യപ്പെടുന്നവന് ബ്രഹ്മചര്യപാലനം ലളിതമായ അനുഭവമായി മാറും.

ദൈവം നൽകുന്ന ദാനമാണ് ബ്രഹ്മചര്യം. ആ ദാനം വിശ്വസ്തതയോടെ പാലിക്കണമെങ്കിൽ അവനവനിലെ ദൈവസാന്നിദ്ധ്യവും പ്രവർത്തനങ്ങളും വിവേചിച്ചറിയാനുള്ള ആത്മശക്തി പ്രാർത്ഥനയിലൂടെ നേടണം. ബ്രഹ്മചര്യത്തിനെതിരായി ധാരാളം വെല്ലുവിളികൾ നാം ഈ ലോകത്തിൽ ദർശിക്കുന്നു. ബ്രഹ്മചര്യവ്രതം ഉപേക്ഷിച്ച് പോകുന്നവരുടെ എണ്ണം അനവധിയാണ്. അതിന്റെ കാരണം നാം വിശകലനം ചെയ്യുമ്പോൾ അടിസ്ഥാനപരമായി ഈ വ്യക്തികളുടെ ജീവിതത്തിൽ പ്രാർത്ഥനാജീവിതത്തിന് യാതൊരു സ്ഥാനവും നല്കിയവരായിരുന്നില്ലെന്ന് നമുക്ക് കാണാം. യേശുവിന്റെ ജീവിതാഹ്വാനത്തിന് ഉത്തരം നല്കേണ്ട സന്യാസി, യേശുവിന്റെ സ്നേഹവലയിൽ ജീവിക്കാൻ ശ്രമിക്കേണ്ട സന്യാസി അതൊന്നും ചെവിക്കൊള്ളാതെ ജീവിത പ്രതിസന്ധിഘട്ടങ്ങളിൽ തങ്ങളിൽതന്നെ ആശ്രയിക്കുകയും വീണു പോവുകയും ചെയ്യുന്നു. ഒരു സന്യാസിയെപ്പോലെ പ്രാർത്ഥിക്കാൻ ആർക്കും ഒരിക്കലും ഇത്രയും സമയം ലഭിക്കുകയില്ലല്ലോ. ഒന്നിനെക്കുറിച്ചുമുള്ള ആകുലതകൾ തന്നെ അലട്ടാതെ ജീവിക്കുന്നവൻ ധാരാളം സമയം ചെലവഴിക്കേണ്ടത് പ്രാർത്ഥനയിലല്ലാതെ മറ്റെവിടെയാണ്. ഈ ഒരു കാര്യത്തിലുള്ള ബോധ്യമില്ലായ്മയും, ബോധമില്ലായ്മയും ഈശ്വരനിൽ ചരിക്കുന്നതിൽ നിന്ന് തന്നെ അന്യനാക്കുന്നു. പ്രാർത്ഥനയോടൊപ്പം ബ്രഹ്മചര്യപാല നത്തിന് സന്യാസിയെ പ്രാപ്തനാക്കുക അവന്റെ ധ്യാനാത്മക ജീവിതം തന്നെ. ധ്യാനിക്കുവാൻ സമയം കണ്ടെത്താത്തവൻ, കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും നമ്മുടെ നിയമമനുസരിച്ച് ധ്യാനം നടത്താതെ ജീവിച്ച് ബ്രഹ്മചര്യപാലനത്തിൽ പരാജയപ്പെടുന്നു എന്നതിൽ എന്തത്ഭുതമാണ് ഉള്ളത്? "ആദ്യമായി ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുവാൻ" ജീവിതം കൊടുത്തിട്ട് പ്രാർത്ഥനയും ധ്യാനവും അപരിചിതമായ അനുഭവമാണെങ്കിൽ നാം ഇതുപോലെയുള്ള വീഴ്ചയ്ക്ക് ആരെ പഴിക്കണം. അതിനാൽ മറ്റെല്ലാത്തിനേക്കാളും ഉപരി ഒന്നിന് നൂറു മടങ്ങ് പ്രതിഫലവും ആത്മ സംതൃപ്തിയും സന്തോഷവും നൽകുന്ന ബ്രഹ്മചര്യവ്രതം സ്വർഗ്ഗത്തിനുവേണ്ടി സമർപ്പിതൻ സ്വീകരിക്കണം. അതിന്റെ അടിസ്ഥാന അനുഭവ ശിലയായി നിലനില്ക്കേണ്ടത് അനുദിന പ്രാർത്ഥനകളും

www.malankaralibrary.com

ധ്യാനവും വി.കുർബാനയും മറ്റ് ഭക്തകൃത്യങ്ങളും എന്നു സാരം. ഇവിടെ വീഴുന്നവർ അനവധിയാണ്. കരകയറുന്നവർ ചുരുക്കവും.

പ്രാർത്ഥന വ്രതങ്ങളുടെ ആത്മാവ് എന്ന ശീർഷകത്തിൽ നമ്മുടെ ജീവിതത്തിലെ പ്രാർത്ഥനയും ഒപ്പം വ്രതബദ്ധജീവിതത്തിലെ ചില ചിന്തകളും ആയിരുന്നു പ്രതിപാദ്യവിഷയം. നമ്മുടെ തന്നെ ആശ്രമത്തിലെ ആറ് സഹോദരങ്ങളുടെ വ്രതജൂബിലി ആചരിക്കുന്ന ഈ അവസരത്തിൽ ഈ ഒരു വിചിന്തനം നമ്മുടെ ശതാബ്ദി ആഘോഷത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ സാർത്ഥകമായ ഒരു തിരിഞ്ഞുനോട്ടത്തിന് നമ്മെ പ്രേരിപ്പിക്കുമെന്ന് വിശ്വസിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. പൂർണ്ണമല്ല, പൂർണ്ണമാകും നമുക്ക് മനസ്സുണ്ടെങ്കിൽ. സമർപ്പണത്തിലൂടെ, പ്രാർത്ഥനയിലൂടെ പൂർണ്ണമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. വിചിന്തനത്തിൽ സമൂഹത്തിലും സഭയിലുമുള്ള ചില യാഥാർത്ഥ്യങ്ങൾ രേഖപ്പെടുത്തിയെന്നു മാത്രം. ആരെയും തരം താഴ്ത്താനോ ഉയർത്തിക്കാട്ടാനോ ശ്രമമില്ല. പച്ചയായ യാഥാർത്ഥ്യങ്ങൾ തുറന്നെഴുതി എന്നു മാത്രം. നമ്മുടെ സമൂഹം നൂറുവർഷങ്ങൾക്കുശേഷം സ്വീകരിക്കേണ്ട ചില അടിസ്ഥാന നേർവഴികൾ രേഖപ്പെടുത്തി എന്നു മാത്രം. സ്വീകരിക്കേണ്ടതാണെങ്കിൽ സ്വീകരിക്കാം. തിരസ്കരിക്കേണ്ടതാണെങ്കിൽ തിരസ്കരിക്കാം. എന്തുതന്നെയായാലും നമ്മുടെ ജീവിതം അനുഗ്രഹപ്രദമാകുക നമ്മുടെ ആദ്ധ്യാത്മികാഭ്യാസങ്ങളായ പ്രാർത്ഥനയുടെയും പരി.കുർബാനയുടെയുമൊക്കെ കറ തീരാത്ത അർപ്പണത്തിലൂടെയാണ്. പ്രാർത്ഥിക്കാത്തവന് വ്രതം അനുഷ്ഠിക്കുവാൻ കഴിയുകയില്ലായെന്ന് സത്യം. നമ്മുടെ സമൂഹത്തിൽ നാം അനുഭവിക്കുന്ന സകല വീഴ്ചകളുടെയും കാരണം പ്രാർത്ഥനാജീവിതത്തോടുള്ള തിരസ്കാരവും പ്രാർത്ഥനയും വ്രതബദ്ധമായ ജീവിതവും തമ്മിൽ ഉള്ള ബന്ധത്തിന്റെ തീവ്രതയാണെന്നുള്ള അവബോധത്തിന്റെ കുറവും തന്നെ. സമൂഹമായി, വ്യക്തികളായി തിരിച്ചുവന്നില്ലായെങ്കിൽ നമ്മുടെ ജീവിത ലക്ഷ്യത്തിൽ നാം എത്തിച്ചേരില്ല. കർമ്മംകൊണ്ട് ഭൂമിയോട് ചേരേണ്ടവർ മാത്രമല്ലല്ലോ നാം. കർമ്മത്തെ വിമലീകരിച്ച് സ്വർഗ്ഗം നേടണമെങ്കിൽ പ്രാർത്ഥനയോടും വ്രതബദ്ധമായ ജീവിതത്തോടുമുള്ള നമ്മുടെ ആത്മ സമർപ്പണം യാഥാർത്ഥ്യമാകണം. ജൂബിലി ആഘോഷിക്കുന്ന വന്ദ്യ സഹോദരങ്ങൾക്ക് എല്ലാവിധ ആശംസകളും, പ്രാർത്ഥനകളും നേരുന്നു.

www.malankaralibrary.com

# കർമ്മയോഗികളായ ജൂബിലേറിയന്മാർ സമൂഹത്തിനും സഭയ്ക്കും വിലപ്പെട്ടവർ

ഫാ.ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

## വിശുദ്ധിയുടെ വസ്ത്രം ധരിച്ചവർ

ജൂബിലി ആഘോഷം സന്തോഷത്തിന്റെയും പുനഃപ്രതിഷ്ഠയുടെയും മുഹൂർത്തമാണ്. സന്യാസസമൂഹത്തിലെ നമ്മുടെ സഹോദരങ്ങളെ പ്രത്യേകം ആദരിക്കാനും അംഗീകരിക്കാനും നമുക്ക് ലഭിക്കുന്ന പ്രത്യേക സന്ദർഭമാണ് ജൂബിലി ആഘോഷം. സുവർണ ജൂബിലിക്കാരെയും രജതജൂബിലിക്കാരെയും അഭിനന്ദിക്കുന്നു.

## ഉറവിടങ്ങളിലേക്ക് ഊർജ്ജസ്വലതയോടെ

അൻപതാം വർഷത്തെ നീ വിശുദ്ധീകരിക്കണം. ദേശവാസികൾക്കെല്ലാം സ്വാതന്ത്ര്യം പ്രഖ്യാപിക്കണം. അത് നിങ്ങൾക്ക് ജൂബിലി വർഷമായിരിക്കും. ഓരോരുത്തർക്കും തങ്ങളുടെ സ്വത്ത് തിരികേ ലഭിക്കണം. ഓരോരുത്തരും തങ്ങളുടെ കുടുംബത്തിലേക്ക് മടങ്ങിപ്പോകട്ടെ. അൻപതാം വർഷം നിങ്ങൾക്ക് ജൂബിലി വർഷമായിരിക്കണം... ജൂബിലിയുടെ ഈ വർഷത്തിൽ ഓരോരുത്തരും തങ്ങളുടെ അവകാശത്തിലേക്ക് തിരികെപ്പോകട്ടെ (ലേവ്യ 25:10-13) എന്ന തിരുവചനാഹ്വാനവും രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ ഉറവിടങ്ങളിലേക്ക് ഉന്മേഷത്തോടെ മടങ്ങാനുള്ള ക്ഷണവും ശിരസ്സാ വഹിക്കേണ്ട സുവർണ്ണാവസരമാണ് ഇത്. എല്ലാ ജൂബിലേറിയൻസിനും പുതിയ ഒരാരംഭം കുറിക്കാനും സ്വയം ശക്തരാകാനുമുള്ള ഈ അവസരം ഉപകാരപ്പെടട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആഘോഷം എന്നതിനെക്കാൾ ഓരോരുത്തരെയും ഓർത്ത് ദൈവസന്നിധിയിൽ സ്തോത്രം അർപ്പിക്കുന്ന അനുഭവമാണ് ജൂബിലി നിമിഷങ്ങൾ.

## തീയിൽ നിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളികൾ (സഖ 3:2)

ജീവിതംകൊണ്ടും സാക്ഷ്യം കൊണ്ടും ജോഷ്വായെപ്പോലെ ജ്വലിക്കുന്ന വ്യക്തിത്വങ്ങളാണ് ഈ വർഷം ജൂബിലി ആഘോഷിക്കുന്ന ഓരോരുത്തരും. അവരുടെ വ്യക്തിത്വത്തെ ഓർത്തും സംഭാവനകളെ ഓർത്തും ദൈവത്തെ നമുക്ക് സ്തുതിക്കാം.

www.malankaralibrary.com

**ബഹു. ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി.**

ചരിത്രരചനയിലൂടെയും ഗ്രന്ഥരചനയിലൂടെയും സഭയ്ക്കും സമൂഹത്തിനും മികച്ച സംഭാവനകൾ നൽകിയിട്ടുള്ള ബഹു.അച്ചൻ വൈദികവിദ്യാർത്ഥികളുടെ അദ്ധ്യാപകനായും ഗുരുവായും സേവനം ചെയ്തിട്ടുണ്ട്. ഇപ്പോഴും ആരോഗ്യം അനുവദിക്കുന്ന അളവിൽ സന്യാസാർത്ഥികൾക്ക് വിവിധ വിഷയങ്ങൾ പഠിപ്പിച്ച് നേതൃത്വം നൽകുന്നുണ്ട്. സമൂഹത്തിന്റെ സെക്രട്ടറി ജനറലായും അച്ചന്റെ സേവനം ശ്ലാഘനീയമാണ്. വിവിധ സെമിനാരികളിൽ പ്രൊഫസ്സറായും (മലങ്കര മേജർ സെമിനാരി, ബഥനി വേദവിജ്ഞാനപീഠം) ബഹു.അച്ചൻ നേതൃത്വം നല്കിയിട്ടുണ്ട്. മലങ്കര കത്തോലിക്കാ സഭ, മലങ്കര കത്തോലിക്കാ സഭയുടെ വ്യക്തിത്വം തുടങ്ങിയ ഈടുറ്റ ബന്ധങ്ങളും ബഹു.അച്ചൻ രചിച്ചിട്ടുണ്ട്. സഭയായും സമൂഹമായും നന്ദി പറയേണ്ട രചനകളാണ് ബഹു.അച്ചന്റെ ഗ്രന്ഥങ്ങൾ.

**ബഹു. ഫാ. സഖറിയാസ് നന്തിയാട്ട് ഒ.ഐ.സി.**

സാധുക്കളെ സഹായിക്കാനും സമൂഹത്തിന്റെ ബഹുമുഖമായ സേവന സരണികൾ വെട്ടിത്തുറക്കാനും ബഹു.അച്ചൻ നേതൃത്വം നൽകിയത് അഭിമാനത്തോടെ അനുസ്മരിക്കുന്നു. സൗത്ത് കാനറായിലെ വിദ്യാലയങ്ങളും സ്പെഷ്യൽ സ്കൂളും ആരംഭിക്കുന്നതിലും പൂനായിലെ കലേവാഡി സ്കൂൾ ആരംഭിക്കുന്നതിനും ബഹു.അച്ചന്റെ നേതൃത്വം സവിശേഷമാണ്. പ്രൊവിൻഷ്യൽ കൗൺസിലറായും ബഹു.അച്ചൻ നേതൃത്വം നൽകിയിട്ടുണ്ട്. അമേരിക്കയിലെ ബഹു. അച്ചന്റെ പ്രവർത്തനങ്ങളിലും ബാഹ്യകേരളത്തിലെ സേവനങ്ങളും നേതൃത്വങ്ങളും പ്രത്യേകം പ്രസ്താവ്യമാണ്. എല്ലാറ്റിനെയും ഓർത്ത് ബഹു.അച്ചനെ അഭിനന്ദിക്കുകയും ദൈവത്തിന് സ്തോത്രം അർപ്പിക്കുകയും ചെയ്യുന്നു. ബഹു.അച്ചന്റെ പുനരൈക്യം ഏറ്റം സാഹസികമായിരുന്നു എന്നതും ആദരവോടെ അനുസ്മരിക്കുന്നു.

**ബഹു. ഫാ. വറുഗീസ് തറമുട്ടം ഒ.ഐ.സി.**

ബഹു. വറുഗീസ് തറമുട്ടം അച്ചൻ വൈദികനായും അദ്ധ്യാപകനായും അടിമാലി ആശ്രമം സമാരംഭകനായും സ്വന്തമായ വ്യക്തിത്വം ആർജ്ജിച്ചിട്ടുള്ള സന്യാസിയാണ്. പ്രൊവിൻഷ്യൽ കൗൺസിലിലൂടെ

www.malankaralibrary.com

ഒന്നിലധികം തവണയായി നേതൃത്വം നൽകിയിട്ടുണ്ട്. വ്യക്തിപരമായി ഞാനും ബഹു.അച്ചനും അടുത്ത ബാച്ചുകൾ എന്ന നിലയിൽ ബഹു.അച്ചനെ അടുത്തറിയാൻ അവസരം ലഭിച്ചിട്ടുണ്ട്. സന്യാസ നിഷ്ഠകളിൽ നിർബന്ധങ്ങളുള്ള ബഹു.അച്ചൻ സമൂഹത്തിനും സഭയ്ക്കും മനുഷ്യമഹാസമൂഹത്തിനും ചെയ്തിട്ടുള്ള സേവനങ്ങളെയും സാക്ഷ്യത്തെയും ഓർത്ത് അദ്ദേഹത്തോട് നന്ദി പ്രകാശിപ്പിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

**സന്തോഷത്തോടെ സന്യസിക്കുന്ന റവ.ബ്രദർ കുരിയാക്കോസ് കാവിളയിൽ ഒ.ഐ.സി.**

സമൂഹത്തിന്റെ ഏത് ഭവനത്തിലും ഏത് സ്ഥാനത്തും ഉത്സാഹത്തോടെയും സന്തോഷത്തോടെയും സേവനം ചെയ്യുകയും നേതൃത്വം കൊടുക്കുകയും ചെയ്തിട്ടുള്ള വ്യക്തിത്വമാണ് ജൂബിലി ആഘോഷിക്കുന്ന റവ.ബ്രദർ കുര്യൻ കാവിളയിൽ. പൂനയിലും, കോട്ടയത്തും മറ്റ് അനേകം ആശ്രമങ്ങളിലും മികച്ച സേവനം ചെയ്യുകയും സമൂഹത്തിന്റെ ജനറൽ കൗൺസിലറായി ആറുവർഷം നേതൃത്വം നൽകുകയും ചെയ്തിട്ടുള്ള ബ്രദർ കുര്യൻ ഏവരുടെയും ആദരവ് നേടിയിട്ടുള്ള വ്യക്തിത്വമാണ്. പ്രായമായ ബഹു.അച്ചന്മാർക്കും ചെറുപ്പക്കാരായ ബഹു.അച്ചന്മാർക്കും, വൈദിക വിദ്യാർത്ഥികൾക്കും ബഹു.ബ്രദറിന്റെ സേവനം ലഭ്യമായിട്ടുണ്ട്. ആയിരിക്കുന്ന വേദികളിലെല്ലാം ഉത്സാഹവും ഉന്മേഷവും പ്രകടിപ്പിക്കുകയും മറ്റുള്ളവരിലേക്ക് ആവേശം പ്രസരിപ്പിക്കുകയും ചെയ്യുന്നു അദ്ദേഹം. ബ്രദർ കുര്യന് നന്ദിയും അഭിനന്ദനവും ആശംസകളും അർപ്പിക്കുന്നു.

**ബഹു. ഫാ. റ്റൈറ്റസ് ചേരാവള്ളിൽ ഒ.ഐ.സി.**

വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വ്യക്തിത്വത്തിനുടമയാണ് ബഹു.റ്റൈറ്റസ് അച്ചൻ. ജർമ്മനിയിൽ ഉപരിപഠനം നടത്തുന്ന ബഹു.അച്ചൻ കേരളത്തിലും കൊൽക്കത്തായിലും മറ്റും സേവനം ചെയ്തിട്ടുണ്ട്. സുറിയാനി ഭാഷാപഠനത്തിലും അദ്ധ്യാപനത്തിലും ബഹു.അച്ചൻ മികവ് പുലർത്തിയിട്ടുണ്ട്. ആരാധനാക്രമാനുഷ്ഠാനങ്ങളിലും പ്രത്യേകം കഴിവ് പ്രകടിപ്പിച്ചിട്ടുണ്ട്. ബഹു.അച്ചനെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും ബഹു.അച്ചന് അഭിനന്ദനം അർപ്പിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

**ബഹു. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി.**

സന്യാസ പ്രതിഷ്ഠയുടെ രജതജൂബിലി ആഘോഷിക്കുന്ന ബഹു.വർഗീസ് വിനയാനന്ദച്ചൻ ബാഹ്യകേരളത്തിലും കേരളത്തിലും വിവിധ ഇടവകകളിലും കേന്ദ്രങ്ങളിലും സേവനം ചെയ്തിട്ടുള്ളത് അഭിമാനത്തോടെ സ്മരിക്കുന്നു. ആദ്ധ്യാത്മിക രംഗത്തും മിഷൻ മേഖലയിലും ചിന്താപരമായ സംഭാവനകൾ നൽകുവാൻ ബഹു.അച്ചന് കഴിഞ്ഞിട്ടുണ്ട്. നവശിഷ്യഗുരു എന്ന നിലയിൽ സേവനം ചെയ്തു കൊണ്ടിരിക്കുന്ന ബഹു.അച്ചന് എല്ലാവിധ ഭാവുകങ്ങളും അഭിനന്ദന ങ്ങളും അർപ്പിക്കുന്നു. ഡൽഹിയിലും ലുധിയാനയിലും നാലാഞ്ചിറ യിലും ബഹു.അച്ചൻ വികാരിയായും മറ്റ് മേഖലകളിലും പ്രവർത്തി ച്ചിട്ടുണ്ട്. ഭാവുകങ്ങൾ നേരുന്നു. റോമിൽ മിഷൻ ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തിയിട്ടുണ്ട്. അഭിനന്ദനങ്ങൾ അറിയിക്കുന്നു. സഭയിൽപ്പെട്ട വിവിധ ഗ്രൂപ്പുകൾക്ക് ദൈവശാസ്ത്ര ക്ലാസുകൾ എടുക്കുന്നതിനും സന്യസ്തർക്കും മറ്റും വിവിധ വിഷയങ്ങൾ അധികരിച്ച് പഠനശിബിരങ്ങൾ സംഘടിപ്പിക്കുന്നതിനും ബഹു.അച്ചൻ നേതൃത്വം നല്കിയിട്ടുണ്ട്.

ഏവർക്കും ആശംസകൾ, ഭാവുകങ്ങൾ!



“പ്രകൃത്യാതീതമായ ദൈവകൃപ നിന്നിൽ പ്രവർത്തിക്കുകയും, നിന്നെ നടത്തുകയും ചെയ്യുമ്പോൾ പുണ്യപ്രവർത്തികൾ ചെയ്യുന്നതിനും, കർത്താവിനെ മഹത്വപ്പെടുത്തുന്നതിനും അങ്ങനെ പുണ്യം സമ്പാദിക്കുന്നതിനും നിനക്കു സാധിക്കുന്നു.”

www.malankaralibrary.com

# നമ്മുടെ ജീവിതദർശനങ്ങൾ

**ഫാ. മാർട്ടിൻ പ്രേമാനന്ദ് പുരയ്ക്കൽ ഒ.ഐ.സി.**

ഓരോ ക്രൈസ്തവ വിശ്വാസിയും വിളിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധൻ/ വിശുദ്ധ ആകുവാണെന്നും, ഓരോ ക്രിസ്ത്യാനിയും തന്റെ വിളിയുടെ സ്വഭാവത്താൽ തന്നെ മിഷനറിയാണെന്നും സഭ പഠിപ്പിക്കുന്നു. സഭയുടെ വിശുദ്ധിയും മിഷനറി സ്വഭാവവും ഏറ്റവും ഫലപ്രദമായി അവതരിപ്പിക്കുന്നതിന് വ്യക്തിപരമായും സംഘാതാത്മകമായും ഒരു ദൃശ്യചിഹ്നം (visible sign) ആവശ്യമാണ്. സന്യാസത്തോളം പറ്റിയ ഒരു മഹത്തായ അടയാളം ഇക്കാര്യത്തിൽ ചൂണ്ടിക്കാണിക്കുവാനില്ല.

കത്തോലിക്കാ സഭയിലെ ഒരു ലക്ഷത്തിമുപ്പത്തൊൻപതിനായിരത്തി മൂന്നൂറ്റി തൊണ്ണൂറ്റിയേഴ് സന്യാസ വൈദികരും അൻപത്തയ്യായിരത്തി അൻപത്തിയേഴ് സന്യസ്ത സഹോദരരും എട്ടുലക്ഷത്തി ആയിരത്തി ഒരുനൂറ്റി എൺപത്തഞ്ച് സന്യാസിനികളും അടങ്ങുന്ന സമർപ്പിത സമൂഹം നൽകുന്ന സാക്ഷ്യവും സേവനങ്ങളും നിസ്തുലങ്ങളാണ്. സഭയുടെ തേജോമയമായ മുഖമാണ് അവരിലൂടെ പ്രകാശിതമാവുന്നത്. സഭയുടെ തന്നെ സമർപ്പണത്തിന്റെ; ലോകത്തിനുവേണ്ടിയുള്ള മാധ്യസ്ഥത്തിന്റെ; ആരാധനാജീവിതത്തിന്റെ; പരിശുദ്ധിയുടെ പ്രതിഫലനം വ്യത്യസ്ത സിദ്ധികളുള്ള (charism) സന്യാസ സമൂഹങ്ങളിലൂടെ പ്രകടമാകുന്നു.

ധ്യാനാത്മക ജീവിതം നയിക്കുന്ന സന്യാസ സമൂഹങ്ങൾ (Contemplative Orders) ഏകാന്തത, മൗനം, നിരന്തര പ്രാർത്ഥന, കഠിനാധ്വാനം എന്നിവയിലൂടെ മലമുകളിലും, മരുഭൂമിയിലും, വിജനപ്രദേശത്തുമൊക്കെ പ്രാർത്ഥനാനിരതരായിരുന്ന ഈശോയുടെ ജീവിതത്തെ സവിശേഷമായി പ്രതിനിധാനം ചെയ്യുന്നു. ലോകത്തിൽ സക്രിയമായി ഇടപെടാത്തതുകൊണ്ട് അത്തരം സന്യാസം സംഗതമല്ലെന്ന് അർത്ഥമില്ല. ‘‘എല്ലാ അവയവങ്ങൾക്കും ഒരേ ധർമ്മമല്ലല്ലോ” (റോമ 12:4).

പ്രവർത്തനപരമായ ജീവിതം നയിക്കുന്ന (Active) സന്യസ്തർ അജപാലന ശുശ്രൂഷ, സാധുജനസേവനം, ആതുര ശുശ്രൂഷ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, സുവിശേഷ പ്രഘോഷണം... എന്നിങ്ങനെയുള്ള ശുശ്രൂഷകളിലൂടെ “ചുറ്റിസഞ്ചരിച്ച് നന്മ ചെയ്ത്” ഈശോയുടെ കാരുണ്യത്തിന്റെ മുഖം പ്രകാശിതമാകുന്നു.

www.malankaralibrary.com

## സന്യാസം - ഉത്ഭവവും വികാസവും

ദൈവികാഹ്വാനം ഉൾക്കൊണ്ട്, പ്രാർത്ഥനയിലും വിരക്ത ജീവിതത്തിലും ശിഷ്യരോടൊപ്പം ഏലിയാ നയിച്ച താപസജീവിതം (1രാജാ 19:10) സന്യാസത്തിന്റെ പ്രാഗ്‌രൂപമെന്നു വിശേഷിപ്പിക്കാം. പുതിയ നിയമത്തിൽ ആ റോൾ വഹിക്കുന്ന പ്രധാന വ്യക്തിയായി നമുക്കു ചൂണ്ടിക്കാണിക്കാൻ കഴിയുന്നത് സ്നാപക യോഹന്നാനെയാണ്. ഒട്ടകരോമംകൊണ്ടുള്ള വസ്ത്രം ധരിച്ച്, അരയിൽ തോൽവാർ അണിഞ്ഞ്, വെട്ടുക്കിളിയും കാട്ടുതേനും ആഹരിച്ച് മരുഭൂമിയിൽ വാർത്ത യോഹന്നാൻ, അക്കാലത്ത് 'എസ്സീൻ' എന്നറിയപ്പെട്ടിരുന്ന താപസ ജീവിതം നയിച്ചിരുന്ന സമൂഹത്തിലെ ഒരംഗമായിരുന്നു. ഈശോ തന്നെയാണ് നലം തികഞ്ഞ സന്യാസി. വ്രതത്രയങ്ങൾ അതിന്റെ പൂർണതയിൽ സ്വമനസ്സാ അവിടുന്ന് അനുഷ്ഠിച്ചു. വ്രതബദ്ധനായ ഈ സന്യാസിയാണ് സന്യസ്തരുടെയെല്ലാം മാതൃകയും പ്രചോദന വും. സുവിശേഷത്തിലെ ഈശോയെ അതേപോലെ അനുഗമിക്കുവാൻ തീക്ഷ്ണമായി ആഗ്രഹിച്ചവർ ലോകബഹളങ്ങളിൽ നിന്നൊഴിഞ്ഞ് മരുഭൂമിയിലും, വനാന്തരങ്ങളിലും, വിജന പ്രദേശങ്ങളിലുമൊ ക്കെ പാർത്ത് കഠിനമായ തപോജീവിതം നയിച്ചു. പാശ്ചാത്യ, പൗരസ്ത്യ വ്യത്യാസമില്ലാതെ ഇങ്ങനെയുള്ള തപോധനർ ഉയർന്നു വന്നു. ഇക്കൂട്ടത്തിൽ ഏകാന്ത ജീവിതം നയിച്ചവരും കൂട്ടമായ ജീവിതം നയിച്ചവരും ഉണ്ട്.

ക്രൈസ്തവ സന്യാസത്തിന്റെ പ്രാരംഭകനായി പരിഗണിക്കപ്പെടുന്നത് ഈജിപ്തിലെ വി.അന്തോനിയോസാണെങ്കിലും കൃത്യമായ നിയമസംഹിതകളോടുകൂടി വ്യവസ്ഥാപിതമായ രീതിയിൽ സമൂഹ സന്യാസ ജീവിതം തുടങ്ങിവച്ചത് വി.പക്കോമിയൂസാണ്. സമൂഹ ജീവിതം കുറേക്കൂടി കർക്കശമാക്കി, എഴുതിയുണ്ടാക്കിയ നിയമ സംഹിത പൗരസ്ത്യ സന്യാസത്തിൽ കൊണ്ടുവന്നതാകട്ടെ വി.ബസേലിയോസും, വി.ബസേലിയോസിന്റെ സന്യാസ സഭാനിയമ ങ്ങളാണ്. മിക്കവാറും എല്ലാ സന്യാസസഭകളുടെയും വി.നിയത്തിന്റെ അടിസ്ഥാനം പാശ്ചാത്യസന്യാസത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് വി.ബനഡിക്ടാണ്. ആറാം നൂറ്റാണ്ടിൽ, വി.ബനഡിക്ടിന്റെ കാലത്ത് സന്യാസജീവിതം കുറേക്കൂടി ജനകീയവും, പ്രായോഗികവും കൃത്യതയുള്ളതായിത്തീർന്നു.

ആദ്യകാലങ്ങളിൽ വ്യക്തിപരമായ ജീവിത വിശുദ്ധീകരണവും ആത്മരക്ഷയും ലക്ഷ്യം വച്ചുള്ളതായിരുന്നു സന്യാസം. ഏകാന്ത സന്യാസത്തിനായിരുന്നു അന്ന് പ്രാധാന്യം നൽകപ്പെട്ടത് ആ ചിന്താ

www.malankaralibrary.com

ഗതിക്കു കാലക്രമേണ മാറ്റം സംഭവിച്ചു. "ലോകത്തിൽ ആയിരുന്ന്, ലോകത്തിന്റേതല്ലാതെപോലെ ജീവിച്ച് ലോകത്തെ വിശുദ്ധീകരിക്കുവാൻ" സന്യസ്തർ നിയുക്തരാണെന്ന ചിന്താഗതി ശക്തി പ്രാപിച്ചു. പ്രാർത്ഥനാനിരതമായി മാത്രം കഴിയുന്ന സന്യാസ സമൂഹങ്ങൾ ഇപ്പോഴുമുണ്ടെങ്കിലും മിക്ക സന്യാസസമൂഹങ്ങളും പ്രാർത്ഥനയും പ്രവർത്തനവും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ജീവിതക്രമമാണ് ഇപ്പോൾ പിന്തുടരുന്നത്.

**സന്യാസം സഭയിൽ**

സന്യാസം സഭയ്ക്കു ലഭിച്ച വലിയ സമ്പത്താണെന്നും സഭയുടെ വിശുദ്ധീകരണത്തിനും, നവീകരണത്തിനും സന്യാസചൈതന്യം അവശ്യാവശ്യമാണെന്നും സഭയുടെ മിഷൻ പ്രവർത്തനത്തിൽ സന്യസ്തരുടെ സേവനം വിലമതിക്കാനാവാത്തതാണെന്നും തിരുസഭ തിരിച്ചറിഞ്ഞു. സന്യാസ സഭകളുടെ വൈവിധ്യം ".....എല്ലാവിധ സത്പ്രവൃത്തികൾക്കും തിരുസ്സഭയെ പ്രാപ്തയാക്കുകയും (2 തിമോ 3:17) മൗതിക ശരീരത്തെ പടുത്തുയർത്തുകയെന്ന മഹനീയ കൃത്യത്തിന് അവളെ സന്നദ്ധയാക്കുകയുമുണ്ടായി (എഫേ 4:12).... ദൈവജ്ഞാനത്തിന്റെ വൈവിധ്യം തിരുസ്സഭയിലൂടെ പ്രകടമാകാനും ഇത് കാരണമായി (എഫേ 3:10)" എന്ന് 2-ാം വത്തിക്കാൻ സുന്നഹദോസ് അംഗീകരിക്കുന്നു. *Vita Consecrata* എന്ന അപ്പസ്തോലിക പ്രബോധത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പ്രസ്താവിക്കുന്നത് ഇങ്ങനെയാണ്. "In reality, the consecrated life is placed in the very heart of the church" (വാസ്തവത്തിൽ, സമർപ്പിത ജീവിതമെന്നത് സഭയുടെ ഹൃദയത്തിൽ തന്നെ പ്രതിഷ്ഠിതമായിട്ടുള്ളതാണ്).

സന്യാസത്തെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം സഭയ്ക്കുണ്ട്. "വൈദികരും ക്രിസ്തീയാധ്യാപകരും സന്യാസ ദൈവവിളി വർദ്ധിപ്പിക്കാൻ ഉത്സാഹപൂർവ്വം പരിശ്രമിക്കണം..... സാധാരണ പള്ളി പ്രസംഗങ്ങളിൽ പോലും സുവിശേഷോപദേശങ്ങളെപ്പറ്റിയും സന്യാസ ജീവിതത്തെ സമാശ്ലേഷിക്കേണ്ടതിനെപ്പറ്റിയും കൂടെക്കൂടെ പ്രതിപാദിക്കണം. മാതാപിതാക്കൾ സ്വസന്താനങ്ങളെ ക്രിസ്തീയ മുറകളിൽ വളർത്തിക്കൊണ്ടുവരുമ്പോൾ സന്യാസ ദൈവവിളിയുടെ വിത്തുകൾ അവരുടെ ഹൃദയങ്ങളിൽ വിതയ്ക്കുകയും അവയെ പരിപോഷിപ്പിച്ചു കൊണ്ടുവരികയും വേണം" (രണ്ടാം വത്തിക്കാൻ സുന്നഹദോസ്, സന്യാസജീവിതം, നമ്പർ 24) "ക്രിസ്തുവിന്റെ മൗതിക ശരീരത്തിന്റെ നിർമ്മാണത്തിനായി എവിടെയും സ്ഥാപിച്ചിരിക്കുന്ന

www.malankaralibrary.com

സന്യാസസഭകൾ അവയുടെ സ്ഥാപർക്കുണ്ടായിരുന്ന ചൈതന്യത്തിൽ തന്നെ വളർന്നു ഫലം പുറപ്പെടുവിക്കാൻ വേണ്ടി ഹയരാർക്കിതന്നെ ഔദ്യോഗികമായി ഇടപെട്ട് അവയെ സംരക്ഷിച്ചുപോരുന്നു" (രണ്ടാം വത്തിക്കാൻ സുന്നഹദോസ്, തിരുസഭ, നമ്പർ 45).

ബലഹീനരായ മനുഷ്യർ ഉൾപ്പെടുന്ന സമൂഹമായതിനാൽ സന്യാസത്തിലും വീഴ്ചകൾ സംഭവ്യമാണെന്നും അതിനെ തിരുത്താൻ സംവിധാനം ആവശ്യമാണെന്നും സഭയ്ക്കു ബോധ്യപ്പെട്ടു. പരിശുദ്ധാത്മനിവേശമുള്ള തിരുസ്സഭ, അതിനാൽതന്നെ സംരക്ഷണത്തോടൊപ്പം നിയന്ത്രണവും നടപ്പിലാക്കാൻ ബാധ്യസ്ഥയാണ്. സന്യാസം സഭയിലായതിനാൽ, സ്വന്തം സഭകളുടെ മാത്രം വളർച്ചയല്ല അവ ലക്ഷ്യം വയ്ക്കേണ്ടത്. "അവരുടെ ആദ്ധ്യാത്മിക ജീവിതം തിരുസഭ മുഴുവന്റേയും ആദ്ധ്യാത്മികോന്നമനത്തിനായി പ്രതിഷ്ഠിക്ക പ്പെടേണ്ടത് ആവശ്യമാണ്" (രണ്ടാം വത്തിക്കാൻ സുന്നഹദോസ്, തിരുസഭ, നമ്പർ 44).

സമർപ്പിതജീവിതം സഭയ്ക്കുള്ള ഒരു ദാനമെന്നു മനസ്സിലാക്കി സഭയും സന്യാസാശ്രമങ്ങളും (മഠങ്ങളും) പരസ്പരപൂരകങ്ങായി വർത്തിക്കുമ്പോൾ അതുവഴി ലോകത്തിനു ലഭിക്കുന്ന നന്മകൾ അളവറ്റതാണ്.

**സന്യാസ സാക്ഷ്യം**

പരിപൂർണ സന്യാസിയായ ഈശോ അനുഷ്ഠിച്ച വ്രത ത്രയങ്ങൾ - അനുസരണം, ബ്രഹ്ചര്യം, ദാരിദ്ര്യം-അതിന്റെ സത്തയിൽ ജീവിതത്തിൽ ഏറ്റെടുക്കുകയാണ് വ്രതവാഗ്ദാനത്തിലൂടെ സന്യസ്തർ. ആദിമസഭയിലെ വിശ്വാസ വീരന്മാരെപ്പോലെ രക്ത സാക്ഷിത്വത്തിലൂടെ ക്രിസ്തുവിനെ അനുകരിക്കാൻ സാധിക്കാത്തവർ, അതിനുപകരം സന്യാസം സ്വീകരിച്ച് 'ധവള രക്തസാക്ഷിത്വം (white Martydom) വരിക്കാൻ തയ്യാറായി എന്നത് ഒരു ചരിത്ര വസ്തുത യാണല്ലോ. വ്രതബദ്ധജീവിതം ഒരുതരണം മരണം തന്നെയാണ്. ഈശോ മരണം പൂകി ഉത്ഥിതനായതുപോലെ സന്യാസി ലോകത്തിനു മരിച്ച് സ്വർഗീയ മഹിമ പ്രാപിക്കുന്നു. "ഞങ്ങൾ അങ്ങയെ പ്രതി എല്ലായ്പ്പോഴും വധിക്കപ്പെടുന്നു. അറക്കാനുള്ള ആടുകളായി ഞങ്ങൾ കരുതപ്പെടുന്നു" (സങ്കീ 44:22& റോമ 8:36) എന്ന വേദോക്തിപോലെ, വ്രതപാലനത്തിലൂടെ അനുദിനം സന്യാസി സ്വയത്തെ കൊലപ്പെടുത്തുന്നു. നഷ്ടപ്പെടുത്തിയുള്ള തേടലാണ് സന്യാസം.

www.malankaralibrary.com

**സ്വതന്ത്രമാക്കുന്ന വ്രതങ്ങൾ**

കനത്ത മതിൽക്കെട്ടിന്റെയും ആവൃതിയുടെയും 'പരിമിതികൾ' നിയതമായ സമയക്രമമനുസരിച്ചുള്ള ജീവിതം; വേഷത്തിൽ വ്യതിരിക്തത; സാധാരണക്കാരുടേതിൽ നിന്നും വ്യത്യസ്തമായ ജീവിതശൈലി; നിയന്ത്രിതമായ ലോകബന്ധങ്ങൾ; തന്നെക്കാൾ 'താഴ്ന്നവരെ'യും ഇളയവരെയും അനുസരിക്കൽ; ന്യായമായ അവകാശങ്ങൾ വേണ്ടെന്നു വയ്ക്കൽ; ആയുഷ്പര്യന്തം ജീവിതപങ്കാളിയെ കൂടാതെയുള്ള ജീവിതം. ഇത്തരം ഒരു ജീവിതം ലോകദൃഷ്ടിയിൽ 'അടിമ ത്ത'വും, 'അസ്വാതന്ത്ര്യ'വുമൊക്കെയാണ്. വ്യക്തിത്വവികാസത്തിനു മുള്ളുവേലി തീർക്കുന്നതാണ് സന്യാസത്തിലെ നിയന്ത്രണങ്ങൾ എന്ന് മാധ്യമ ചർച്ചകളിലൂടെ വാതോരാതെ വാദിക്കുന്ന ആളുകളുടെ എണ്ണം കൂടിവരുന്നു.

വ്യക്തിസ്വാതന്ത്ര്യത്തെ അമിതമായി മഹത്വൽക്കരിക്കുന്നതു ശരിയല്ല. ഏതു ജീവിതാവസ്ഥയിലുള്ളവരുടെയും ഏതു സ്വാതന്ത്ര്യത്തിനും പരിമിതികളുണ്ട് എന്നതാണ് യാഥാർത്ഥ്യം. നിയന്ത്രണങ്ങളില്ലാത്തിടത്ത് അരാജകത്വം അരങ്ങുവഴും. എന്തിനുവേണ്ടിയാണ് ചില ഉപേക്ഷകർ എന്നതിലാണ് കാര്യം. വയലിൽ ഒളിച്ചുവച്ചിരുന്ന നിധി സ്വന്തമാക്കാൻ, തനിക്കുള്ളതെല്ലാം വിറ്റ് വയൽ വാങ്ങിയ മനുഷ്യനെപ്പോലെ (മത്താ 13:44) യാണ് സന്യസ്തരും. ഭാര്യാഭർതൃബന്ധത്തിൽ ഭർത്താവിനോട്/ ഭാര്യയോട് ഉള്ള സ്നേഹം നിമിത്തം മറ്റു ബന്ധങ്ങൾ വേണ്ടെന്നു വ്യക്തിയെപ്പോലെ, ഉപരിയായ ഒരു നന്മയെ കരുതി സന്യസ്തർ സ്വമനസ്സാ ചിലതൊക്കെ വേണ്ടെന്നു വയ്ക്കുകയാണ്. അതിനെ അസ്വാതന്ത്ര്യമായല്ല, സജീവ സമർപ്പണത്തിന്റെ അടയാളപ്പെടുത്തലായിട്ടാണ് കാണേണ്ടത്. സ്നേഹമുള്ളിടത്തു മാത്രമേ ത്യാഗവും വിട്ടുകൊടുക്കലും ഉണ്ടാകൂ.

ഓരോ വ്രതവും, അതു ജീവിക്കുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യത്തിന്റെ നവ്യാനുഭവത്തിലേക്ക് അയാളെ നയിക്കുന്നു.

**1. അനുസരണം**

"യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20) എന്നു വാഗ്ദാനം ചെയ്ത യേശുവിന്റെ വാക്കുകളെ കണ്ണുംപൂട്ടി വിശ്വസിക്കുന്ന വ്യക്തിയുടെ തീക്ഷ്ണ വിശ്വാസത്തിന്റ ആവിഷ്കാരമാണ് അനുസരണവ്രതം. 'ഞാനെന്ന ഭാവം' ഉള്ള ആൾക്ക് അനുസരണം ദുഷ്കരമാണ്. വി.നിയമം, ആചാരങ്ങൾ, അധി

www.malankaralibrary.com

കാരികളുടെ കല്പനകൾ, സംഘാത തീരുമാനങ്ങൾ, സഹസന്യസ്തരുടെ ഉപദേശങ്ങൾ... ഇവയിലൊക്കെ ദൈവത്തിന്റെ നിമന്ത്രണങ്ങൾ കേൾക്കാൻ കഴിയുന്നു എന്നു വിശ്വസിക്കുക എളുപ്പമുള്ള കാര്യമല്ല. "കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തിയ" (ഫിലി 2:8) ഈശോയുടെ മനോഭാവം ഉൾക്കൊള്ളുന്നവർക്ക് അനുസരണം ഭാരമല്ല. "അനുസരണം ബലിയേക്കൾ ശ്രേഷ്ഠം" (1 സാമു.15:22) എന്ന് വി.ഗ്രന്ഥം പഠിപ്പിക്കുന്നു. ബലിയിൽ ബാഹ്യവസ്തുവിന്റെ സമർപ്പണമാണുള്ളത്; അനുസരണത്തിലോ സ്വതന്ത്രമനസ്സിന്റെ (freewill) അർപ്പണവും അനുസരണവും അതിനാൽതന്നെ സ്വേച്ഛയിൽ നിന്നുള്ള വിടുതലും ദൈവേച്ഛയുള്ള സമർപ്പണവുമാണ്.

"ഇതാ ഞാൻ! എന്നെ അയച്ചാലും! (ഏശ 6:9), എന്നു പറഞ്ഞ ഏശയ്യയെപ്പോലെ; "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! എന്നുച്ചരിച്ച മറിയത്തെപ്പോലെ, ദൈവത്തിനും മറ്റുള്ളവർക്കുമായി തന്നെത്തന്നെ സ്വതന്ത്രമായി നിൽക്കുകയാണ് അനുസരണത്തിലൂടെ ഒരാൾ ചെയ്യുന്നത്.

**ബ്രഹ്മചര്യം**

ശാരീരിക തൃഷ്ണതകളുടെ അടിച്ചമർത്തൽ മാത്രമാണ് ബ്രഹ്മചര്യമെന്ന് എങ്ങനെയോ ബ്രഹ്മചര്യത്തെ ആളുകൾ തെറ്റിദ്ധരിച്ചിരിക്കുന്നു. ബലാൽക്കാരേണയുള്ള ഇത്തരം അടിച്ചമർത്തലുകൾ ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂ. വലിയൊരു ലക്ഷ്യപ്രാപ്തിക്കായി ഒരാൾ സ്വശരീരത്തെ മാധ്യമം (media) ആക്കുകയാണിവിടെ. വിശാലമായ ലോക കുടുംബത്തെ ശുശ്രൂഷിക്കാനായി അയാൾ പരിമിതമായ സ്വന്ത കുടുംബബന്ധങ്ങളോടു വിട പറയുന്നു. ലൈംഗികത പ്രത്യക്ഷമാകുന്ന ഒരു തലം മാത്രമാണ് ശാരീരിക ബന്ധമെന്നത്. അതിനെ ഉദാത്തവത്കരിച്ച് പരമ പ്രേമത്തിൽ എത്തിക്കുകയാണ് സന്യാസത്തിലെ ബ്രഹ്മചര്യം. എല്ലാം സ്വന്തമാക്കാനുള്ള മാനുഷിക പ്രേരണയിൽ നിന്ന് മുക്തി പ്രാപിച്ച് എല്ലാവരെയും സ്വന്തമാക്കാനായി വൈകാരികമായിപ്പോലും സ്വതന്ത്രമായിരിക്കുക വലിയൊരു കാര്യം തന്നെയാണ്. സ്വർഗരാജ്യത്തെ പ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുവാൻ മാനുഷിക ശക്തികൊണ്ടു സാധ്യമല്ലെന്നും അതിനു ദൈവകൃപ അനിവാര്യമാണെന്നും ഈശോ തന്നെ പഠിപ്പിക്കുന്നുണ്ടല്ലോ (മത്താ 19:12). ദൈവത്തോടും മനുഷ്യരോടുമുള്ള പ്രതിജ്ഞാബന്ധമായ ജീവിതത്തിന് ഒരാളെ കൂടുതൽ സ്വതന്ത്രമാക്കുന്നതാണ് ബ്രഹ്മചര്യം.

www.malankaralibrary.com

**ദാരിദ്ര്യം**

നിറഞ്ഞ പാത്രം ശൂന്യമാക്കിയെങ്കിലേ, ആ പാത്രത്തിലേക്ക് പുതുതായി എന്തെങ്കിലും നിറയ്ക്കാൻ കഴിയൂ. ലൗകിക വസ്തുക്കൾക്കായി ദാഹിക്കുന്ന ഹൃദയത്തിൽ നിന്ന് ദൈവം സ്വാഭാവികമായും ബഹിഷ്കൃതനാകും. ധനികനായ യുവാവിനോട് ഈശോ ആവശ്യപ്പെടുന്നത് "നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ, പോയി നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക, പിന്നെവന്ന് എന്നെ അനുഗമിക്കുക" (മത്താ 16:22) എന്നാണല്ലോ. വസ്തുക്കളുടെ ഉപയോഗത്തിൽ മാത്രമല്ല, ജീവിതശൈലിയിൽ ആകമാനം ലാളിത്യം ഉണ്ടായിരിക്കുക എന്നതാണ് ദാരിദ്ര്യത്തിന്റെ അർത്ഥം.

ദാരിദ്ര്യം ഈശോ സ്വയം തെരഞ്ഞെടുത്തതാണ്. എല്ലാം ഉണ്ടായിട്ടും ഒന്നും ഇല്ലാത്തവനായി ഈ ലോകത്തിലേക്കു വന്ന്, ദരിദ്രനായി ജീവിച്ച്, ദരിദ്രനായി അടക്കപ്പെട്ട യേശുവിന്റെ മനോഭാവമാണ് ദാരിദ്ര്യവ്രതത്തിലൂടെ ഒരാൾ ഉൾക്കൊള്ളുന്നത്. നശ്വരമായ ലോകത്തിന്റെ മഹിമയിലല്ല, ഒടുങ്ങാത്ത നിക്ഷേപമുള്ള സ്വർഗത്തിലാണ് (ലൂക്കാ 12:33) തന്റെ നിക്ഷേപമെന്ന് അയാൾ പ്രഖ്യാപിക്കുകയാണ്. ആധുനിക ലോകത്തിന്റെ ഏറ്റവും വലിയ തിന്മകളിലൊന്ന് സമ്പാദിച്ചുകൂട്ടാനുള്ള അമിത വ്യഗ്രതയാണ്. അതിനുവേണ്ടിയുള്ള നെട്ടോട്ടത്തിൽ പ്രകൃതി ചൂഷണവും, അധാർമ്മിക പ്രവർത്തനങ്ങളും നിർബാധം സംഭവിക്കുന്നു. ധനത്തിന്റെയും വസ്തുക്കളുടെയും അടിമത്തത്തിലാണ് മനുഷ്യർ. ലൗകിക വസ്തുക്കൾ ദൈവത്തിന്റെ സ്ഥാനം അപഹരിക്കുന്ന ഈ പരിസ്ഥിതിയിൽ, ലൗകികതയുടെ ചങ്ങലയിൽനിന്ന് ദാരിദ്ര്യവ്രതം സ്വീകരിച്ച വ്യക്തി തന്നെതന്നെ സ്വതന്ത്രൻ/ സ്വതന്ത്ര ആക്കുന്നു. ക്രിസ്തുവിന്റെ അനുകമ്പാർദ്രമായ ഹൃദയത്തോടെ ദരിദ്രരെ സ്നേഹിക്കണമെങ്കിൽ ദാരിദ്ര്യം സ്വജീവിതത്തിൽ അനുഭവിക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ടാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പറഞ്ഞത് "സഭ ദരിദ്രരോടൊപ്പമായിരുന്നാൽ പോരാ; സഭ തന്നെ ദരിദ്രമായിരിക്കണം" എന്നു സ്വർഗത്തിലാണ് തങ്ങളുടെ നിക്ഷേപമെന്ന് (മത്താ 6:20) ലോകത്തോടു ഉറക്കെ ഘോഷിക്കുകയാണ് ദാരിദ്ര്യം വ്രതമായി സ്വീകരിച്ച സന്യസ്തർ

"സ്വതന്ത്രരാക്കപ്പെട്ടതിനാൽ നീതിയിലും വിശുദ്ധിയിലും അവിടുത്തെ ശുശ്രൂഷിക്കാൻ നമുക്ക് സാധിക്കും" ലൂക്കാ 1:74-75). നമ്മുടെ സമർപ്പണജീവിതത്തിലെ ഈ അടിസ്ഥാന ദർശനങ്ങൾ, ദർശനങ്ങളായി നിലനില്ക്കാതെ പ്രായോഗികമായ അനുദിനജീവിതത്തിൽ നാം പാലിക്കുമ്പോഴാണ് സന്യസ്തരായ നമ്മുടെ ജീവിതം ധന്യമാകുക.

oOo

www.malankaralibrary.com

# ശതാബ്ദി പ്രാർത്ഥന

ലോകൈകനാഥാ, ജഗത്പിതാവേ കരുണതോന്നി ബഥനിയെ തൃപ്പാദ പീഠമാക്കിയാലും. ഇരുമ്പാണികളാൽ മുറിവേൽക്കപ്പെട്ട ആ പാദ പത്മങ്ങളെതന്നെ ഭക്തിപൂർവ്വം ചുംബിപ്പാൻ ബഥനിയെ അവിടുന്ന് ആശീർവദിച്ചാലും! സമുദ്രത്തിലെ തിരമാലകളെ ചവുട്ടിതാഴ്ത്തിയ ആ തൃക്കാലുകൾ, കണ്ണുനീരിൽ കുളിച്ച ആ തൃപ്പാദങ്ങൾ, രക്തം പുരണ്ട ആ തൃക്കാലിണകൾ തിരുവുള്ളമുണ്ടായി ബഥനിയുടെ മൂർദ്ധാവിൽ എന്നെന്നും പതിക്കുമാറാകണമേ. തിരുമുറിവുകളിൽ ബഥനി ഇതാ സ്നേഹചുംബനം അർപ്പിക്കുന്നു. അനുകമ്പതോന്നി രക്തസിരകളിലൂടെ ബഥനിയെ അവിടുന്ന് സ്വാംശീകരിച്ചാലും. ബഥനിയെ രൂപപ്പെടുത്തിയതും ബഥനി ലക്ഷ്യം വയ്ക്കുന്നതും എന്നും അവിടുത്തെ തിരുഹൃദയത്തിൽ വസിക്കുവാനാണല്ലോ. അവിടുത്തെ അനന്തകരുണയാലും നടത്തിപ്പിനാലും കഴിഞ്ഞ നൂറുവർഷങ്ങളായി ഞങ്ങളുടെ പൂർവ്വപിതാക്കന്മാരിലൂടെ ഞങ്ങളെ നയിച്ച് പരിപാലിച്ച വഴികളെ ഓർത്ത് അങ്ങേയ്ക്ക് ഞങ്ങൾ നന്ദി അർപ്പിക്കുന്നു. അങ്ങയുടെ ഉപകരണമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് മുന്നിൽ കണ്ട ഭാരതമാനസാന്തരവും അതിനതീതമായി ലോകം മുഴുവനിലുംപോയി രക്ഷയുടെ സുവിശേഷം അറിയിക്കുവാൻ ഞങ്ങളെ യോഗ്യരാക്കി. ശതാബ്ദി നിറവിൽ പൂർണ്ണ സ്നേഹത്തോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണ സമർപ്പണത്തോടും അവിടുത്തെ വഴികളെ വിവേചിച്ചറിഞ്ഞ് ജീവിക്കുവാനും, പ്രഘോഷിക്കുവാനും വീണ്ടും അവിടുത്തെ പാദാന്തികത്തിൽ ഞങ്ങൾ ഞങ്ങളെ തന്നെ പുനഃപ്രതിഷ്ഠിക്കുന്നു. പകൽ മേഘസ്തംഭമായും രാത്രി അഗ്നിത്തൂണായും തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ നയിച്ച് പരിപാലിച്ച അവിടുത്തെ കരം എന്നും ബഥനി മക്കളായ ഞങ്ങളോടുകൂടെ ആയിരിക്കണമെന്ന് അപേക്ഷിച്ച് പ്രാർത്ഥിക്കുന്നു... ആമ്മേൻ.

സ്വർഗ്ഗസ്ഥനായ പിതാവേ...
കൃപനിറഞ്ഞ മറിയമേ...
ത്രിത്വസ്തുതി.